No/11/2019/SRG/LSGD(7)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.2020 ന് കൂടിയ യോഗത്തിന്റെ നടപടിവിവരം

യോഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സെക്രട്ടേറിയറ്റിലെ സൗത്ത് കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

1. **തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം**

28.01.2020 വരെയുള്ള ആകെ പദ്ധതി ചെലവ് 41.44 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 48.83 ശതമാനമാണ്. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് ഇടുക്കി ജില്ലയിലും (48.08 %) ഏറ്റവും കുറവ് എറണാകുളം ജില്ലയിലുമാണ് (36.59 ശതമാനം) 528.85 കോടി രൂപയുടെ 21015ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 802.11 കോടി രൂപയുടെ 26422 ബില്ലുകളാണ് ട്രഷറിയിൽ പെന്റിംഗ് ആയി ഉള്ളത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 47.43% |
| ബ്ലോക്ക് പഞ്ചായത്ത് | 46.52% |
| ജില്ലാ പഞ്ചായത്ത് | 31.62% |
| മുനിസിപ്പാലിറ്റി | 35.32% |
| കോർപ്പറേഷൻ | 28.85% |
| **ആകെ** | **41.44%ശതമാനം** |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | |
|---|---|---|
| 1 | ഇടുക്കി | 48.08% |
| 2 | പാലക്കാട് | 45.36% |
| 3 | പത്തനംതിട്ട | 44.66% |
| 4 | വയനാട് | 44.06% |
| 5 | കണ്ണൂർ | 43.99% |
| 6 | കൊല്ലം | 42.93% |
| 7 | കോഴിക്കോട് | 41.44% |

| | | |
|---|---|---|
| 8 | തൃശ്ശൂർ | 40.96% |
| 9 | മലപ്പുറം | 40.91% |
| 10 | കോട്ടയം | 40.48% |
| 11 | ആലപ്പുഴ | 40.37% |
| 12 | കാസർഗോഡ് | 39.06% |
| 13 | തിരുവനന്തപുരം | 38% |
| 14 | എറണാകുളം | 36.59% |

**പൊതു വിഭാഗം, SCSP,TSPയുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.**

| ജനറൽ | SCSP | TSP |
|---|---|---|
| 50.24% | 38.75% | 40.39% |

**മുൻവർഷങ്ങളിൽ ഇതേ ദിവസത്തെ പദ്ധതിച്ചെലവ് താഴെ ചേർക്കുന്നു.**

| | |
|---|---|
| 2016-17 | 19.28% |
| 2017-18 | 37.05% |
| 2018-19 | 60.85% |
| 2019-20 | 41.44% |

പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ), മുനിസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറിമാർ എന്നിവരുടെ യോഗം ചേർന്ന് പദ്ധതി നിർവഹണം എല്ലാ ആഴ്ചയിലും അവലോകനം ചെയ്യണം.

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 26.09.2019 ലെ കോർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.1(3.1.5)**

പുതിയ അംഗനവാടികളുടെ നിർമ്മാണത്തിനും പഴയതിന്റെ അറ്റകുറ്റപ്പണിക്കും വനിതാ ശിശു വികസന വകുപ്പിൽ നിന്നും തുക അനുവദിക്കാറുണ്ട്. വനിതാ ശിശു വികസന വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും 60:40 അനുപാതത്തിലാണ് തുക വകയിരുത്തേണ്ടത്. ഈ തുക പി.ഡബ്ല്യു.ഡി.യ്ക്ക് ഡെപ്പോസിറ്റ് ചെയ്ത് നിർമ്മാണം നടത്തണമെന്ന് വകുപ്പിന്റെ നിർദ്ദേശം സംബന്ധിച്ച്.

**തീരുമാനം:-** പി.ഡബ്ല്യു.ഡി.ക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനു പകരം വനിതാ ശിശുവികസന വകുപ്പിന്റെ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറി തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കുന്നതിന് യോഗം തീരുമാനിച്ചു. ഇനി മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി വിഹിതമുള്ള ഇത്തരം പ്രവൃത്തികൾ പി.ഡബ്ല്യു.ഡി.യ്ക്ക് ഡെപ്പോസിറ്റ് ചെയ്യേണ്ടതില്ലെന്നും തീരുമാനിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**
**2) ധനവകുപ്പ്**

**2.1(3.1.7)**

2019-20-ൽ തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനും ചില കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം ആഴ്ചയിലെ 7 ദിവസവും 24 മണിക്കൂറാക്കാനും നാഷണൽ ഹെൽത്ത് മിഷൻ (NHM) ലക്ഷ്യമിടുന്നു. ഇപ്രകാരം ആകെ 504 കേന്ദ്രങ്ങളാണുള്ളത് (പ്രാഥമികാരോഗ്യകേന്ദ്രങ്ങളും കമ്മ്യൂണിറ്റി ഹെൽത്ത്

സെന്ററുകളും ചേർത്ത്). ഇതിന്റെ നിർമ്മാണ പ്രവർത്തനം NHM- ആണ് നടത്തുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ അധിക തുക ചെലവഴിക്കാൻ തയ്യാറാണെങ്കിൽ ഈ വിഹിതം NHM -ന് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകുന്നു. ഇതു സംബന്ധിച്ച തുടർ നടപടിക്കായി ഫയൽ ധനവകുപ്പിനു നൽകിയിട്ടുണ്ട്. ഇതിന്മേൽ ധനവകുപ്പിന്റെ തീരുമാനം ഉടനെ അറിയിക്കും.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

**2) ധനവകുപ്പ്**

**2.2 24.10.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.2(4.2) എറണാകുളം ജില്ലാ പഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2019-ലെ കത്തും അനുബന്ധരേഖകളും (SRG 790/19 - CC 492/19)**

ചൈനയിൽ രണ്ടാം വർഷം MBBS - ന് പഠിക്കുന്ന ആരതി.C.S. എന്ന വിദ്യാർത്ഥിക്ക് വിദേശ പഠനത്തിന് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

ധനസഹായം ലഭിക്കുന്നതിന് വകുപ്പിന്റെ മാനദണ്ഡപ്രകാരം ഈ വിദ്യാർത്ഥിക്ക് അർഹതയുണ്ടോ, ഇവരുടെ കുടുംബ വരുമാനം, നീറ്റ് പരീക്ഷയിൽ അർഹത മാർക്ക് ലഭിച്ചിട്ടുണ്ടോ എന്നിവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികജാതി വികസന ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും വിശദാംശങ്ങൾ റിപ്പോർട്ടിൽ ഇല്ലായിരുന്നതിനാൽ കില ഡയറക്ടർ വിശദമായ റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തി. കില ഡയറക്ടർ റിപ്പോർട്ട് നൽകി.

കുമാരി ആരതി സി.എസ് പഠിക്കുന്ന ജിലിൻ യൂണിവേഴ്സിറ്റി ഇന്ത്യയിലെ മിനിസ്ട്രി ഓഫ് എഡ്യൂക്കേഷൻ അംഗീകരിച്ചിട്ടുണ്ട്. നീറ്റ് പരീക്ഷയിൽ യോഗ്യത നേടിയിട്ടുണ്ട്. കേരളത്തിൽ മെരിറ്റിൽ അഡ്മിഷൻ ലഭിക്കാത്തതിനാലും സ്വകാര്യ മെഡിക്കൽ കോളേജിൽ കനത്ത ഫീസ് നൽകാൻ സാമ്പത്തികമായി ഇല്ലാത്തിനാലുമാണ് ഇപ്പോഴത്തെ യൂണിവേഴ്സിറ്റിയെ തെരഞ്ഞെടുത്തതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തീരുമാനം:-** കില ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദേശ പഠനത്തിന് ധനസഹായം നൽകാൻ അനുമതി നൽകുന്നു.യൂണിവേഴ്സിറ്റി ഫീസും ഹോസ്റ്റൽ ഫീസും നൽകാവുന്നതാണ്.

**നടപടി :-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.3) 06.12.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.3(3.4)** സംയുക്ത പ്രോജക്ടുകളിൽ മുഖ്യ നിർവഹണ സ്ഥാപനത്തിന് പണം നൽകുന്ന സ്ഥാപനം അലോട്ട്മെന്റ് നൽകുന്നതിനു പകരം ചില ജില്ലകളിൽ

സ്പെഷ്യൽ റ്റി.എസ്. ബി. അക്കൗണ്ടിലേയ്ക്ക് തുക മാറി നൽകി. എന്നാൽ ഇപ്പോൾ ഈ തുക സ്പെഷ്യൽ റ്റി.എസ്.ബി.യിൽ നിന്ന് പിൻവലിക്കാൻ ട്രഷറികൾ അനുവദിക്കുന്നില്ല. (ഉദാ.പാലക്കാട് ജില്ലായിലെ എല്ലാ ട്രഷറികളും) അതിനാൽ ലൈഫ് അടക്കമുള്ള ഗുണഭോക്താക്കൾക്ക് തുക നൽകാൻ കഴിയുന്നില്ല. ഇത് പ്രത്യേകമായി പരിഗണിച്ച് ഇത്തരം കേസുകളിൽ മാത്രം തുക പിൻവലിക്കുന്നതിനും ചെലവഴിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നത് സംബന്ധിച്ച ഫയൽ ധനവകുപ്പിന് നൽകിയിട്ടുണ്ട്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ധന വകുപ്പ്**

**2.3 (3.5)** താഴെപ്പറയുന്ന രണ്ട് ഉത്തരവ്/ സർക്കുലറിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച്

i) ആരോഗ്യ വകുപ്പിന്റെ 22.09.2019-ലെ PL-A4- 73745/19/ആ.വ.ഡ. നമ്പർ സർക്കുലർ പ്രകാരം ആരോഗ്യ വകുപ്പിന്റെ വസ്തുക്കളിലോ കെട്ടിടങ്ങളിലോ സർക്കാരിന്റേയോ ആരോഗ്യ വകുപ്പിന്റേയോ അനുമതി കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്താൻ പാടില്ല എന്നതിന്മേൽ താഴെപ്പറയുന്ന നിർദ്ദേശം നൽകി.

PHC, CHC താലൂക്കാശുപത്രിയടക്കം മറ്റു സ്ഥാപനങ്ങൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണിക്കും /കൂട്ടിച്ചേർക്കലുകൾക്കും അതത് ഓഫീസ് മേധാവിയുടെ അനുമതി വാങ്ങിയാൽ മതിയാകും. ഇത് സംബന്ധിച്ച സർക്കുലർ

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

ii) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.07.2019-ലെ 151/DB2/19/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ആസ്തികളിൽ മറ്റേതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ മേൽ സ്ഥാപനത്തിന്റെ വകുപ്പ തലവന്റെ അനുമതി വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ സ്ഥലത്ത് മറ്റു വകുപ്പുകളുടെ നിർമ്മാണം നടത്തുന്നതിനെ തടയുന്നതിനാണ് (ഉദാ.ആശുപത്രി കോമ്പൗണിൽ അംഗനവാടി കെട്ടിട നിർമ്മാണം) തദ്ദേശസ്വയം ഭരണ വകുപ്പ് ഇപ്രകാരമൊരു ഉത്തരവിറക്കിയത് എന്ന് യോഗം വിലയിരുത്തി. ഉത്തരവിലെ അവ്യക്തത മാറ്റി ഉത്തരവിറക്കണം

ആശുപത്രി കോമ്പൗണ്ടിൽ ആശുപത്രി കെട്ടിടങ്ങൾ, സ്കൂളുകൾ കോമ്പൗണ്ടിൽ സ്കൂൾ കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണ/അറ്റകുറ്റപ്പണിക്ക് ഓഫീസ് മേധാവിയുടെ അനുമതി വാങ്ങിയാൽ മതിയെന്ന് വ്യക്തത വരുത്തി ഉത്തരവിറക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.3(3.11** )കഴിഞ്ഞ ഡിസംബർ അവസാനം ഓരോ ജില്ലാ പഞ്ചായത്തുകളുടേയും എത്ര നിർമ്മാണ പ്രോജക്ടുകൾ ക്യൂ ബിൽ ഗണത്തിൽ ഉൾപ്പെട്ടതെന്നും അതിന്റെ തുക എത്രയെന്നും കോഓർഡിനേഷൻ കമ്മിറ്റിയിൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ മാർച്ച് അവസാനം 14 ജില്ലാ പഞ്ചായത്തുകളിൽ വികസന ഫണ്ടിലായി 895 ബില്ലുകൾ ക്യൂ വിൽ ഉണ്ടായിരുന്നു. തുക 66.54 കോടി രൂപ. മെയിന്റനൻസ് ഗ്രാന്റിൽ 831

ബില്ലുകളിലായി 77.96 കോടി രൂപയും. ആകെ ക്യൂ ബില്ലുകളുടെ എണ്ണം 1726. ആകെ ബിൽ തുക 144.50 കോടി രൂപ

**നടപടി:-1) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

**2.3(3.12)** കോക്ലിയർ ഇംപ്ലാന്റിനുശേഷമുള്ള മെയിന്റനൻസ് ചെലവുകൾ വഹിക്കുന്നതിന് ഒരു കുട്ടിക്ക് 50,000 രൂപ നിരക്കിൽ വാർഷിക പദ്ധതിയിൽ തുക വകയിരുത്തി സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറുന്നതിന് അനുമതി നൽകിക്കൊണ്ട് 26.02.2019 ലെ സ.ഉ(സാധാ)നം.426/2019/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ടെങ്കിലും ഇതിന്റെ നടത്തിപ്പിൽ ഒട്ടേറെ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഈ വിഷയം ചർച്ചചെയ്യുന്നതിനായി 05.12.2019 ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചു ചേർത്ത യോഗത്തിൽ ഉരുത്തിരിഞ്ഞു വന്ന താഴെ പറയുന്ന നിർദ്ദേശങ്ങൾക്ക് യോഗം അംഗീകാരം നൽകി.

(i) കോക്ലിയാർ ഇംപ്ലാന്റിനു ശേഷമുള്ള മെയിന്റനൻസ് 2020-21 സാമ്പത്തിക വർഷം മുതൽ സോഷ്യൽ സെക്യൂരിറ്റി മിഷൻ ഒരു സംസ്ഥാന പരിപാടിയായി മിഷന്റെ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പാക്കേണ്ടതാണ്.

(ii) 26.02.2019 ലെ സ.ഉ(സാധാ)നം.426/2019/തസ്വഭവ പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ 18 തദ്ദേശഭരണസ്ഥാപനങ്ങൾ ചേർന്ന് ആകെ 65,75,520/- രൂപ വിവിധ കുട്ടികളുടെ കോക്ലിയാർ ഇംപ്ലാന്റിന്റെ മെയിന്റനൻസിനു വേണ്ടി സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയിട്ടുണ്ട്. ഇപ്രകാരം ഓരോ തദ്ദേശഭരണസ്ഥാപനവും കൈമാറിയ ഫണ്ടിന്റെയും ഗുണഭോക്താക്കളുടേയും വിശദാംശങ്ങൾ സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നു ഗുണഭോക്താക്കളായ കുട്ടികളുടെ രക്ഷാകർത്താക്കളുടെ സംഘടനകൾക്ക് (CIACS, KCIST) കൈമാറുന്നതും ഈ സംഘടനകൾ രക്ഷിതാക്കളുമായി ബന്ധപ്പെട്ട് നിശ്ചിത അപേക്ഷാ ഫോറത്തിൽ വിശദാംശങ്ങൾ രേഖപ്പെടുത്തി ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം മുഖേന സോഷ്യൽ സെക്യൂരിറ്റി മിഷന് തിരികെ കൈമാറുന്നതുമാണ്. ഈ പ്രക്രിയ പൂർത്തിയാക്കുന്നതിന് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ(സി.പി.ഒ) മാരുടെ സഹായം തേടുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയിട്ടുള്ള തുക ഉപയോഗിച്ച് എല്ലാ ഗുണഭോക്താക്കളുടേയും കോക്ലിയാർ ഇംപ്ലാന്റിന്റെ മെയിന്റനൻസ് സോഷ്യൽ സെക്യൂരിറ്റി മിഷൻ നടത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കണം. ചെലവിന്റെ വിശദാംശങ്ങൾ സോഷ്യൽ സെക്യൂരിറ്റി മിഷൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്. വിനിയോഗത്തിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും നൽകിയ തുകയിൽ വ്യതിയാനം ഉണ്ടാവുകയാണെങ്കിൽ സാധൂകരണത്തിനുള്ള പ്രൊപ്പോസൽ 2020 ഏപ്രിലിൽ കോഓർഡിനേഷൻ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

(iii) മെയിന്റനൻസ് സംബന്ധമായ മാർഗ്ഗരേഖ സാമൂഹ്യക്ഷേമ വകുപ്പ് പുറപ്പെടുവിക്കേണ്ടതാണ്. മെയിന്റനൻസ് സംബന്ധമായ പ്രൊപ്പോസലുകൾ ഓരോന്നും സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച ശേഷം അതിനനുസരിച്ച് ആവശ്യമായ തുക മാത്രം തദ്ദേശഭരണസ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ വകയിരുത്തിയാൽ മതിയെന്ന് തദ്ദേശസ്വയംഭരണവകുപ്പ് ഫയലിൽ രേഖപ്പെടുത്തി നൽകിയ അഭിപ്രായം മേൽപ്പറഞ്ഞ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് പരിഗണിക്കേണ്ടതില്ല. ഇതു സംബന്ധിച്ച ഫയൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് നൽകിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ നടപടി സ്വീകരിക്കണം.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്**

## 2.3(4.1) ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

**ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.03.2018-ല A2-700/18-ാം നമ്പർ കത്തും പഞ്ചായത്ത് ഡയറക്ടറുടെ 31.07.2018-ലെ 7-16938/18-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 925/19 - LSGD/FM2/300/2018 - LSGD)**

പഞ്ചായത്തിൽ 2015-16-ൽ MPLAD - യിൽ നിന്ന് 10.00 ലക്ഷം രൂപ ഉപയോഗിച്ച് പാലേരിപ്പള്ളി വണ്ണാംകണ്ടി റോഡ് മെറ്റലിംഗ് നടത്തി ടാർ ചെയ്തിരുന്നു. നാട്ടുകാരുടെ ആവശ്യ പ്രകാരം ഇതിനോട് ചേർന്ന് 96 മീറ്റർ റോഡു കൂടി അധികമായി ചെയ്തു. അധിക പ്രവൃത്തിക്ക് സാങ്കേതികാനുമതിയടക്കം മറ്റു നടപടിക്രമങ്ങൾ പാലിച്ചില്ല. ഇതിന് അന്നത്തെ നിരക്കു പ്രകാരം 3,96,000/- രൂപ നൽകാനുണ്ട്. ഈ തുക നൽകാൻ 2017-18-ൽ തനത് ഫണ്ട് ഉൾപ്പെടുത്തി ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചിട്ടുണ്ട്. തുക നൽകാൻ അനുമതി സംബന്ധിച്ച് ഇതിന്റെ വാല്യവേഷൻ എടുത്ത് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു.

അധികമായി ചെയ്ത ഈ പ്രവൃത്തിയുടെ വാല്യുവേഷൻ തുക 339641/- രൂപയാണെന്നും ഇതുവരെ തുകയൊന്നും നല്കിയിട്ടില്ലെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു. ഈ തുക നൽകാനായി അനുമതി നൽകുന്നു. അനുമതി കൂടാതെ പ്രവൃത്തി ചെയ്ത എഞ്ചിനീയറിൽ നിന്ന് വിശദീകരണം തേടാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

## 2.3(4.3) കോട്ടയം ഗ്രാമ പഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.10.2019-ലെ കത്തും 30.09.2019-ലെ 170/2019(1)ാം നമ്പർ ഭരണസമിതി തീരുമാനവും (SRG - 920/19 CC/675/19)**

***പ്രോ.നം. 160/19*** ***അടങ്കൽ - 16,00,000/- രൂപ***
***(വികസനഫണ്ട് - 10,00,000/- രൂപ***
***ബ്ലോക്ക് പഞ്ചായത്ത് വിഹിതം 3,00,000/- രൂപ)***
***ജില്ലാ പഞ്ചായത്ത് വിഹിതം 3,00,000/- രൂപ)***

***പേര് - അഗതി രഹിത കേരളം - ഭവന നിർമ്മാണം***

കോട്ടയം ഗ്രാമപഞ്ചായത്തിൽ അഗതി കേരളം പദ്ധതിയിൽ ഉൾപ്പെട്ട 4 ഗുണഭോക്താക്കൾ ഭവന രഹിതരായിട്ടുണ്ട്. ഇവർ ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. ലൈഫ് മിഷൻ ലിസ്റ്റിലുള്ള ഭൂമിയുള്ള മുഴുവൻ ഭവന രഹിതർക്കും വീട് നൽകി. തുക മിച്ചമുണ്ട്. ഈ തുക ഉപയോഗിച്ച് (20%ത്തിൽ ഉൾപ്പെട്ട തുക) മുകളിൽ പറഞ്ഞ 4 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ചു നൽകാൻ അനുമതി സംബന്ധിച്ച് .

ഇവർ അഗതി കേരളം പദ്ധതിയിൽ ഉൾപ്പെട്ടവരാണോ എന്നും ആണെങ്കിൽ എന്തുകൊണ്ട് ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നൊഴിവായി എന്നും പരിശോധിച്ച്

റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടു ത്തിയിരുന്നു. എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകി.

റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ 1-ാം വാർഡിൽ താമസിക്കുന്ന ശ്രീ. ഷിബു. സി. ഷാഹിദ. പി.കെ, 5-ാം വാർഡിൽ താമസിക്കുന്ന ശാന്ത.എൻ, 9-ാം വാർഡിൽ താമസിക്കുന്ന ശ്രീമതി. ഗീത എന്നിവരാണ് ഗുണഭോക്താക്കൾ. ഇവർ ആശ്രയ ഗുണഭോക്താക്കളാണ്. ഇതിൽ ശ്രീമതി ഗീതയ്ക്ക് പ്രളയത്തിൽ തകർന്ന ഭവനം പുന നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പും നടപടി സ്വീരിച്ചിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. ഇവർ നാലുപേരും ലൈഫ് ലിസ്റ്റിൽ ഇല്ലായെങ്കിലും ആശ്രയ ഗുണഭോക്താക്കളാണ്. ശ്രീമതി ഗീത ഒഴിച്ച് മറ്റുള്ളവർക്ക് വീടു നൽകാൻ പ്രത്യേക അനുമതി നൽകുന്നു. ശ്രീമതി. ഗീതയ്ക്ക് ഭവനം നിർമ്മിച്ചു നൽകുന്നതിന് റവന്യൂ വകുപ്പ് അന്തിമ തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ പഞ്ചായത്തിൽ നിന്ന് വീട് നൽകേണ്ടതില്ല.

**നടപടി:- 1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 2.3(4.4) നീലേശ്വരം മുനിസിപ്പാലിറ്റി

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.10.2019-ലെ കത്തും നീലേശ്വരം മുനിസിപ്പൽ സെക്രട്ടറിയുടെ 26.08.2019-ലെ G3-9000/18-ാം നമ്പർ കത്തും (SRG 921/19/CC/552/19)**

***പ്രോ.നം. 141/20 അടങ്കൽ 3,07,90,527/- രൂപ***

***(വികസനഫണ്ട് - 57,90,527/- രൂപ***

***തനത് ഫണ്ട് - 1,00,00,000/- രൂപ***

***ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1,50,00,000/- രൂപ )***

***പേര് - നഗരസഭാ ഓഫീസ് കെട്ടിട നിർമ്മാണം***

57 വർഷം പഴക്കമുള്ള പഞ്ചായത്തു കെട്ടിടത്തിലാണ് ഇപ്പോൾ നഗരസഭ ഓഫീസ് പ്രവർത്തിക്കുന്നത്. അത് പുതുക്കി പണിയാൻ 7.15 കോടിരൂപയുടെ ചെലവ് ഉണ്ട്. ഇതിനാവശ്യമായ തുക 2019-20, 2020-21 വർഷങ്ങളിലായി ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നു. ഈ വർഷത്തെ അടങ്കലിനു പ്രോജക്ട് തയ്യാറാക്കി. അടങ്കൽ താഴെപറയും പ്രകാരമാണ്.

| **ക്രമനം** | **ഫണ്ട് ഇനം** | **വർഷം** | |
|---|---|---|---|
| | | 2019-20 | 2020-21 |
| 1 | വികസന ഫണ്ട് | 57,90,527/- രൂപ | 1,00,00,000/- രൂപ |
| 2 | തനത് ഫണ്ട് | 1,00,00,000/- രൂപ | 79,09,473/- രൂപ |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,50,00,000/- രൂപ | 2,28,00,000 |
| | **ആകെ** | **3,07,90,527/- രൂപ** | **4,07,09,473/- രൂപ** |

ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

കോഓർഡിനേഷൻ കമ്മിറ്റി ഇതിന് അനുമതി നിരസിച്ചിരുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാൻ കഴിയാത്തതിനാൽ മറ്റ് രീതിയിൽ ഫണ്ട് നൽകുന്നതിന്റെ സാധ്യതയും നഗരസഭാ ഓഫീസിന് ഇത്രയും അടങ്കലുള്ള കെട്ടിടത്തിന്റെ ആവശ്യകതയും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ 06.12.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ചുമതലപ്പെടുത്തിയിരുന്നു. നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് നൽകി.

നഗരസഭയുടെ ഓഫീസ് കെട്ടിട നിർമ്മാണം Impact Kerala Limited മുഖേന കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാവുന്നതാണ്. നീലേശ്വരം നഗരസഭയുടെ ഓഫീസ് കെട്ടിട നിർമ്മാണത്തിന് DPR തയ്യാറാക്കി Impact Kerala Limited ന് അപേക്ഷ സമർപ്പിക്കുന്ന പക്ഷം ആയതിനുള്ള തുക നിയമാനുസരണം കിഫ്ബി ഫണ്ടിൽ നിന്നും ലഭിക്കുന്നതാണ് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് നൽകിയെങ്കിലും KIFB-യിൽ നിന്ന് നീലേശ്വരം മുനിസിപ്പാലിറ്റിക്ക് ധനസഹായം ലഭിക്കാൻ നിലവിലെ ചട്ടമനുസരിച്ച് അർഹതയില്ലെന്ന് യോഗം വിലയിരുത്തി.

ഈ സാഹചര്യത്തിൽ കെട്ടിട നിർമ്മാണം മൂന്നു വർഷത്തെ ബഹു വർഷ പ്രോജക്ടായി എടുക്കാൻ യോഗം നിർദ്ദേശിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 2.3(4.15) തൊടുപുഴ മുനിസിപ്പാലിറ്റി

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.10.2019-ലെ കത്തും തൊടുപുഴ നഗരസഭയുടെ 22.06.2019-ലെ 23/23-ാം നമ്പർ കൗൺസിൽ തീരുമാനവും ( SRG /860/19 CC462/19)**

*പ്രോ.നം. 176/19* *അടങ്കൽ 12.00 കോടി രൂപ (KURDFC ലോൺ)*

***പേര് :- മാങ്ങാട്ട് കവല ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം***

മാങ്ങാട്ട് കവല ഷോപ്പിംഗ് കോംപ്ലക്സിനുള്ള ഈ പ്രോജക്ടിന് 04.10.2014-ൽ 11.00 കോടിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രോജക്ട് വർഷങ്ങളായി സ്പിൽ ഓവർ ആയി തുടരുന്നു. ഇതിന്റെ അടങ്കൽ പുതുക്കി ഭേദഗതി ചെയ്യുന്നതിന് അനുമതി സംബന്ധിച്ച് . അടങ്കൽ പുതുക്കുന്നതിന്റെ ആവശ്യം സംബന്ധിച്ച് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. റിപ്പോർട്ട് നൽകി.

ഇതിന്റെ അടങ്കൽ പുതുക്കി ഭേദഗതി ചെയ്യേണ്ട ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് മുനിസിപ്പൽ സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 2.3(4.20) പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫസറുടെ 04.10.2019-ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 03.10.2019-ലെ C/1721/19- ാം നമ്പർ കുറിപ്പം ( SRG 869/19 CC/637/19)**

***പ്രോ.നം. 26/20*** ***അടങ്കൽ 18,50,000/- രൂപ***

***പേര് - നിർമ്മലം, നിർഭയം***

ബ്ലോക്ക് പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ CC TV ക്യാമറ വയ്ക്കുന്നതിനുള്ള പ്രോജക്ട് കഴിഞ്ഞ വർഷം നടപ്പാക്കി. ഇതിന്റെ തുടർച്ചയായി ഈ വർഷവും മറ്റു സ്ഥലങ്ങളിൽ നിർമ്മലം നിർഭയം എന്ന പേരിൽ CCTVക്യാമറ സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച് .

കോ ഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചതനുസരിച്ച്
കഴിഞ്ഞ വർഷം ഈ പ്രോജക്ട് നടപ്പാക്കിയതു പരിശോധിച്ച് ഇതിന്റെ ആവശ്യകത സംബന്ധിച്ച് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് *ഡയറക്ടർ* റിപ്പോർട്ട് നൽകി. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് അനുമതി നൽകുന്നു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 2.3(4.35) നിരണം ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.11.2019-ലെ കത്തും കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 25.10.2019 -ലെ AB2/5447/13-ാം നമ്പർ കത്തും 05.11.2019-ലെ 11(1)-ാം നമ്പർ പഞ്ചായത്ത് ഭരണസമിതി തീരുമാനവും (SRG /994/19 - CC/799/19)**

***പ്രോ.നം. 186/19*** ***അടങ്കൽ - 6,80,000/- രൂപ***

***(നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ്)***

***പേര് : വാട്ടർ ചാർജ്ജ് കുടിശ്ശിക അടവാക്കൽ***

പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ 9/2018 വരെയുള്ള വാട്ടർ ചാർജ്ജ് കുടിശ്ശിക (24 ശതമാനം പിഴ പലിശ സഹിതം) 1,16,41,548/- രൂപയാണ്. OTS പ്രകാരം പിഴ പലിശ 24 ശതമാനം എന്നുള്ളത് 6 ശതമാനമായി കുറച്ചു. ഇതനുസരിച്ച് 63,51,430/- രൂപയായി തുക കുറഞ്ഞു. പദ്ധതി വിഹിതത്തിൽ നിന്ന് ധനവകുപ്പ് 25,71,058/- രൂപ കുറവു ചെയ്തു. ബാക്കി അടക്കേണ്ടത് 37,80,372/- രൂപ. ഇതിൽ 6,80,000/- രൂപ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നടയ്ക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ശേഷിക്കുന്ന തുക തനത് ഫണ്ടിൽ നിന്നടയ്ക്കാനാണ് ലക്ഷ്യമിടുന്നത്. ഈ തുക 6 ശതമാനം പിഴപലിശയടക്കമായതിനാൽ തുക അടയ്ക്കാവുന്നതല്ല എന്ന് പഞ്ചായത്ത് സെക്രട്ടറി അറിയച്ചതനുസരിച്ച് തുക അടയ്ക്കാൻ അനുമതി സംബന്ധിച്ച്.

കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചതനുസരിച്ച് പഞ്ചായത്തിൽ എത്ര പൊതു ടാപ്പുകൾ ഉണ്ട്, എത്ര വർഷത്തെ കുടിശ്ശികയാണ്, അതത് സമയത്ത് വാട്ടർ ചാർജ് അടയ്ക്കാത്തതിന്റെ കാരണം എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകി.

പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് അനുമതി നൽകുന്നു.

**നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.3(4.44) മലപ്പുറം ജില്ലാ പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 22.10.2019-ലെ കത്ത് (SRG 1029/19 - LSGD - DB4 - 276/19/LSGD)**

***പ്രോ.നം. 2006/20*** ***അടങ്കൽ - 10,00,000/- രൂപ (തനത് ഫണ്ട്)***

***പേര് - ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ലൈഫ് എക്സ് പിരിയൻസ് പാർക്ക്***

ജില്ലയിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അവരുടെ ശേഷി വർദ്ധിപ്പിക്കാനും പൊതുവായ കാര്യങ്ങളിൽ സാമാന്യമായ അറിവ് നേടിക്കൊടുക്കുന്നതിനും സഹായകരമായ ലൈഫ് എക്സ്പീരിയൻസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. ജില്ലാ ആസൂത്രണസമിതിയും വെറ്റിംഗ് ഓഫീസറും അംഗീകാരം നൽകിയ പ്രോജക്ടാണ്. വളാഞ്ചേരിക്കടുത്ത് പുറമണ്ണൂർ എന്ന സ്ഥലത്ത് സന്നദ്ധ സംഘടന നടത്തുന്ന സർക്കാർ അംഗീകാരമുള്ള VKM സ്പെഷ്യൽ സ്കൂളിലാണ് ഇത് തുടങ്ങാൻ ഉദ്ദേശിക്കുന്നത്. ഇതു പരിശോധിച്ച് സാമൂഹ്യ നീതി ഡയറക്ടർ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് നൽകണം

**നടപടി:-1) ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്**

**2.3(4.47) വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.11.2019-ലെ കത്തും വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 16.10.2019-ലെ A2-2265/18-ാം നമ്പർ കത്തും (SRG 1040/19 CC /710/19)**

***പ്രോ.നം. 30/20*** ***അടങ്കൽ - 10,00,000/- രൂപ***

***പേര് - വണ്ടൂർ ഇൻഡസ്ട്രീസ് കോഓപ്പറേറ്റീവ് സൊസൈറ്റി, ഓട്ടുകമ്പനി നവീകരണം.***

1982 മുതൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനമാണ് വണ്ടൂർ ടൈൽ വർക്കേഴ്സ് ഇൻഡസ്ട്രീസ് കോഓപ്പറേറ്റീവ് സൊസൈറ്റി. ഈ സ്ഥാപനത്തിലെ നിലവിലെ സാങ്കേതികവിദ്യ വളരെ പഴക്കമുള്ളതാണ്. ഇതിനു പകരം നൂതന ഉപകരണങ്ങൾ വാങ്ങി ആധുനികവത്ക്കരിക്കുന്നതിന് ഈ വർഷം 10.00 ലക്ഷം രൂപ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നു. അടുത്ത വർഷവും 10.00 ലക്ഷം രൂപ വകയിരുത്തുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചതനുസരിച്ച് ഇതു പരിശോധിച്ച് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് നൽകി. ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് അനുസരിച്ച് അനുമതി നൽകുന്നു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 2.3(4.59) മ്യൂസിക് തെറാപ്പി പ്രോഗ്രാം

**Secret of Music Charitable Trust ട്രസ്റ്റിയുട 08.08.2019-ലെ കത്ത് ( SRG 1031/19 - LSGD - FM2/127/2019/LSGD)**

കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മ്യൂസിക് തെറാപ്പി പ്രോഗ്രാം നടത്താൻ Secret of Music Charitable Trust ഉദ്ദേശിക്കുന്നു. മാനസിക ഉല്ലാസമാണ് ഉദ്ദേശം. ഒരു പഞ്ചായത്തിലെ ഒരു ദിവസ പരിപാടിക്ക് 2.00 ലക്ഷം രൂപയാണ് ഇതിന് ചെലവ്. ഇതിനായി ഓരോ പഞ്ചായത്തും തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ തുക അനുവദിക്കണമെന്നതു സംബന്ധിച്ച്.

ഇത് എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടത്തേണ്ടതില്ലെന്നും ആവശ്യമെങ്കിൽ വജ്രജൂബിലി കലാകാരന്മാരെ ഉപയോഗപ്പെടുത്തി ഈ പരിപാടി നടപ്പാക്കാവുന്നതാണെന്നും യോഗം വിലയിരുത്തി. അനുമതി നിരസിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 2.3(4.60) പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.11.2019-ലെ കത്ത് (SRG/989/19/ CC/723/19)**

***പ്രോ.നം 168/20*** ***അടങ്കൽ 14,00,000/- രൂപ***

***(വികസനഫണ്ട് -SCP - 7,00,000/- രൂപ***

***ഗുണഭോക്തൃ വിഹിതം - 7,00,000/- രൂപ)***

***പേര് - അയ്യങ്കാളി മാതൃകാ കോളനി - എം.ജി. കാവ്***

***ഉദയനഗർ കെൽട്രോൺ പട്ടികജാതി കോളനി***

സമ്പൂർണ്ണ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി മുളങ്കുന്നത്തുകാവ് ഉദയനഗർ കെൽട്രോൺ കോളനിയിൽ സമ്പൂർണ്ണ സൗരോർജ്ജ വൈദ്യുതീകരണ പദ്ധതി നടപ്പാക്കാനുള്ള പ്രോജക്ട് 50 ശതമാനം ഗുണഭോക്തൃ വിഹിതമുൾപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. യൂണിറ്റ് ചെലവ് 35,000/- രൂപയാണ്. എന്നാൽ ഇത് 100 ശതമാനം സബ്സിഡിയോടെ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. ഇതിന്റെ ഫീസിബിലിറ്റി പരിശോധിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പട്ടികജാതി വികസന ഡയറക്ടർ റിപ്പോർട്ട് നൽകണം.

**നടപടി:- ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്**

## 3.പൊതുവിഷയങ്ങൾ

================

**3.1** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ജില്ലാതല അവലോകനത്തിൽ വന്ന പൊതു വിഷയങ്ങൾ.

(i) നിലവിൽ സർക്കാർ നൽകുന്ന ആനുകൂല്യം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്കാണ് നൽകുന്നത്.

ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും ചേർന്ന് ഒരു ലിറ്ററിന് പരമാവധി 3 രൂപ ധനസഹായം നൽകുന്നുണ്ട്. കഴിഞ്ഞ വർഷം വരെ

ഈ തുക തദ്ദേശഭരണ സ്ഥാപനം ക്ഷീര സംഘങ്ങൾക്കായിരുന്നു നൽകുന്നത്. ധനവകുപ്പിന്റെ ഉത്തരവു പ്രകാരം ധനസഹായം ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീര കർഷകർക്ക് വിതരണം ചെയ്യുന്ന രീതിയിലേയ്ക്ക് മാറേണ്ട സ്ഥിതി വന്നിട്ടുണ്ട്.

ഗുണഭോക്താക്കളുടെ എണ്ണം വളരെ കൂടുതലായതിനാൽ ഇത് DBT പ്രകാരം പാൽ അളക്കുന്ന കർഷകർക്ക് നേരിട്ട് നൽകുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ വർഷത്തേയ്ക്ക് മാത്രമായി താഴെപ്പറയുന്ന തീരുമാനമെടുക്കുന്നു.

ക്ഷീര സംഘത്തെ ഒരു ഗുണഭോക്താവായി കണക്കാക്കി ക്ഷീര സംഘത്തിന് തുക കൈമാറി സംഘം ഓരോ കർഷകനും സബ്സിഡി വിഹിതം നൽകണം. ഇത് പരിധിക്ക് വിധേയമായി കൃത്യമായി ഗുണഭോക്താവിന് നൽകുന്നുണ്ടെന്ന് ബ്ലോക്ക് ഡയറി എക്സ്റ്റൻഷൻ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

(ii) ഇടുക്കി ജില്ലയിൽ കൃഷി ആവശ്യത്തിന് പമ്പ്സെറ്റ് നൽകുന്നതിന് കരമടച്ച രസീത് ഹാജരാക്കാൻ ചിലർക്ക് കഴിയുന്നില്ല. അതിനാൽ ഇത്തരം കാർഷിക ഉപകരണം നൽകാൻ കഴിയുന്നില്ല.

ഇതിന്മേൽ താഴെപ്പറയുന്ന തീരുമാനമെടുത്തു.

കരം അടച്ച രസീതോ, കൈവശാവകാശരേഖ എന്നിവ ഹാജരാക്കുകയോ അല്ലായെങ്കിൽ കർഷകന്റെ കൈവശമുള്ള സ്ഥലത്താണ് കൃഷി ചെയ്യുന്നതെന്ന ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്താൽ പമ്പ്സെറ്റ് നൽകാവുന്നതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

(iii) ബഹു.കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആശുപത്രികളിൽ ഫാർമസിസ്റ്റ് ഇല്ലായെങ്കിൽ മരുന്ന് വിതരണം ചെയ്യാവുന്നതല്ല എന്ന് ഉത്തരവു മൂലം PHC/CHC കളിൽ ഫാർമസിസ്റ്റ് അവധിയാകുന്ന ദിവസങ്ങളിൽ മരുന്നു വിതരണം മുടങ്ങുന്നുണ്ട്. ഈ വിഷയം ആരോഗ്യ വകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ തീരുമാനിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

(iv) ബിറ്റുമിന്റെ വില വർദ്ധിപ്പിച്ചതിനാൽ റോഡ് ടാറിംഗിനുള്ള പ്രോജക്ടുകൾ നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ട്. പ്രത്യേകിച്ച് 2019 സെപ്റ്റംബറിനു മുമ്പ് എസ്റ്റിമേറ്റെടുത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികൾ

ബിറ്റുമിന്റെ പുതുക്കിയ വില 2019 സെപ്റ്റംബർ മുതൽ പ്രൈസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ധനവകുപ്പിന്റെ 13.11.2018-ലെ 9386/2018/Fin ഉത്തരവ് പ്രകാരം ബിറ്റുമിന്റെ വർദ്ധിച്ച വില നൽകാൻ അനുമതിയുണ്ടെങ്കിലും എൻജിനീയർമാർ ഇതു ചെയ്യുന്നില്ല എന്ന് യോഗം വിലയിത്തി. ഈ ഉത്തരവ് ഇപ്പോഴും പ്രാബല്യത്തിൽ ഉണ്ട് എന്നും ഇതനുസരിച്ചുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നും സ്പഷ്ടീകരണം നൽകാൻ തദ്ദേശസ്വയംഭരണ

വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതിന്മേൽ ആവശ്യമായ സർക്കുലർ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകണം

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

(v) വയനാട് ജില്ലയിൽ നിർമ്മാണ പ്രവർത്തനത്തിന് ആവശ്യമായ സാധന സാമഗ്രികൾ മറ്റു ജില്ലകളിൽ നിന്നാണ് കൊണ്ടുവരുന്നത്. അതിനാൽ കൺവെയൻസ് ചാർജ്ജ് വളരെ കൂടുതലാണ്. ഈ കാരണത്താൽ നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ പോകാൻ ബുദ്ധിമുട്ടാണ്. വയനാട് ജില്ലയിലേയും ഇതേപോലെ മറ്റു പ്രദേശത്തേയും സ്ഥിതി അടിയന്തിരമായി പരിശോധിച്ച് വിശദാംശങ്ങൾ ശേഖരിച്ച് പരിഗണനയ്ക്കായി ധനവകുപ്പിന് നൽകാൻ തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ്**

(vi) ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിന് ശുചിത്വ മിഷൻ അംഗീകരിച്ച എം പാനൽ ചെയ്ത ഏജൻസികളുടെ ലിസ്റ്റ് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകണം. ഇത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സൈറ്റിലും ഇടണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

(vii) ജില്ലാതല അവലോകനത്തിൽ ചില ജില്ലാതല ഉദ്യോഗസ്ഥർ പങ്കെടുത്തിരുന്നില്ല. ഇവരുടെ വിവരങ്ങൾ റിവ്യൂ സമയത്തു തന്നെ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. ഇവരിൽ നിന്നും ജില്ലാ കളക്ടർ വിശദീകരണ മാരാഞ്ഞ് റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകണം

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) ചീഫ് ഡി.പി. ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്**
**2) എല്ലാ ജില്ലാ കളക്ടർമാരും**

(viii) കന്നുകുട്ടി പരിപാലനത്തിന്റെ ഭാഗമായി എല്ലാ ജില്ലാ കളക്ടർമാരും മൃഗ സംരക്ഷണ വകുപ്പ് കാലിത്തീറ്റ നൽകുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പ് കേരള ഫീഡ്സിൽ നിന്ന് കാലിത്തീറ്റ മൊത്തമായി വാങ്ങി വിതരണം ചെയ്യുന്ന രീതിയാണ് നിലനിൽക്കുന്നത്. എന്നാൽ ധനവകുപ്പിന്റെ ഉത്തരവ് പ്രകാരം ധനസഹായം ഗുണഭോക്താവിന്റെ അക്കൗണ്ടി ലേയ്ക്കാണ് പോകേണ്ടത്. അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാലിത്തീറ്റിയ്ക്കുള്ള തുക മൃഗ സംരക്ഷണ വകുപ്പിന് കൈമാറാനുള്ള (Deposit) ബിൽ ട്രഷറികളിൽ പാസാക്കുന്നില്ല. ഈ പ്രശ്നം പരിഹരിക്കാൻ ഇടപെടണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ധനവകുപ്പ്**

(ix) പല തദ്ദേശഭരണ സ്ഥാപനങ്ങളും പുതുതായി ഡി.ഡി.ഒ കോഡ് വേണമെന്നാവശ്യപ്പെടാറുണ്ട്. സാമ്പത്തിക വർഷാവസാനം പുതിയ ഡി.ഡി.ഒ കോഡ് വാങ്ങി പദ്ധതി നിർവഹണം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയില്ല. അതിനാൽ മുൻ വർഷം പ്രോജക്ട് നടപ്പാക്കിയ ഉദ്യോഗസ്ഥനെക്കൊണ്ട് തന്നെ പ്രോജക്ട് നിർവഹണം നടത്തേണ്ടതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.2** ചില തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റിലെ രണ്ട്, മൂന്ന് ഗഡുക്കളിൽ നിന്ന് ലൈഫ് പദ്ധതിയിലെ ഹഡ്കോ ലോൺ തിരിച്ചടവ്, വാട്ടർ ചാർജ്ജ് കുടിശ്ശിക, അംഗനവാടി വർക്കർമാർക്ക് കഴിഞ്ഞവർഷം നൽകേണ്ട ഓണറേറിയം കുടിശ്ശിക തുടങ്ങിയവ കുറവു ചെയ്തിരുന്നു. ഇങ്ങനെ കുറവു ചെയ്തതിനാൽ ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഉത്തരവു പ്രകാരമുള്ള മേഖലാ നിബന്ധന പാലിച്ച് വാലിഡേഷൻ ക്രമീകരിക്കാൻ കഴിയുന്നില്ല. ഉദാഹരണത്തിന് ഉല്പാദന മേഖലയിലെ കുറഞ്ഞ വകയിരുത്തൽ, വനിതാ ഘടക പദ്ധതിക്ക് കുറഞ്ഞ വകയിരുത്തൽ തുടങ്ങിയവ. അതിനാൽ ഈ തദ്ദേശഭരണ സ്ഥാപനങ്ങൾ വാലിഡേഷൻ ഒഴിവാക്കി നൽകണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

**തീരുമാനം:-** തദ്ദേശഭരണ സ്ഥാപനതലത്തിൽ വാലിഡേഷൻ ക്രമപ്പെടുത്താൻ കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓരോ മേഖലയിലും വകയിരുത്തിയിരിക്കുന്ന തുക, പ്രോജക്ടുകൾ, ധനവകുപ്പ് കുറവു ചെയ്ത തുക എന്നീ വിശദാംശങ്ങൾ ജില്ലാ പ്ലാനിംഗ് ഓഫീസർ പരിശോധിച്ച് നൽകണം. ജില്ലാ പ്ലാനിംഗ് ഓഫീസർ ശുപാർശ ചെയ്യുന്ന പ്രകാരം പ്രത്യേക ഇടപെടൽ ആവശ്യമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാത്രം വാലിഡേഷനിൽ ഇളവ് അനുവദിക്കുന്നതിനു തീരുമാനിച്ചു. എന്നാൽ ഈ സൗകര്യം ഉപയോഗിച്ച് മറ്റു പുതിയ പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ എടുക്കാവുന്നതല്ല. ജില്ലാ പ്ലാനിംഗ് ഓഫീസർമാർ ഇപ്രകാരം വിവരങ്ങൾ അറിയിക്കുന്നതനുസരിച്ച് ആവശ്യമായ ക്രമീകരണം ചെയ്യാൻ എസ്.ആർ.ജി.യേയും ഐ.കെ.എം.നേയും ചുമതലപ്പെടുത്തി.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.3** ജില്ലാ ആസൂത്രണസമിതി അംഗങ്ങൾക്ക് ഒരു ജില്ലാ ആസൂത്രണസമിതി യോഗത്തിൽ പങ്കെടുക്കുന്നതിന് സിറ്റിംഗ് ഫീയും യാത്രാ ബത്തയും ചേർത്ത് 1000 രൂപ നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റാണ് ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻ. എന്നാൽ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന് സിറ്റിംഗ് ഫീയും യാത്രാ ബത്തയും നൽകുന്നില്ല. ജില്ലാ ആസൂത്രണസമിതി ചെയർമാൻ മറ്റു പല കമ്മിറ്റികളുടേയും അദ്ധ്യക്ഷൻ കൂടിയാണ്. ഈ സാഹചര്യത്തിൽ ജില്ലാ ആസൂത്രണസമിതി ചെയർമാൻ എന്ന നിലയിൽ ജില്ലാ ആസൂത്രണസമിതി

യോഗത്തിൽ അടക്കം വിവിധ കമ്മിറ്റികളിൽ പങ്കെടുക്കുന്നതിന് സിറ്റിംഗ് ഫീ എന്ന നിലയിൽ 15,000/-രൂപ ധനവകുപ്പിന്റെ അനുമതിയോടെ നൽകുന്നതിനു തീരുമാനിച്ചു. ഇത് ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകാനും തീരുമാനിച്ചു.

**നടപടി :-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ധനവകുപ്പ്**

3.4 തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാട്ടർ ചാർജ് കുടിശ്ശിക, KSEB കുടിശ്ശിക തുടങ്ങിയവ ഈ വകുപ്പുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ധന വകുപ്പ് വികസന ഫണ്ടിൽ നിന്ന് കുറവു ചെയ്തതിനു ശേഷമാണ് ഗഡുക്കൾ വിതരണം ചെയ്യുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ ബജറ്റ് വിഹിതമനുസരിച്ച് പദ്ധതികൾ തയ്യാറാക്കിയതിനുശേഷം അപ്രതീക്ഷിതമായി വികസനഫണ്ടിൽ നിന്ന് തുക കുറവു ചെയ്യുന്നതിനാൽ വാലിഡേഷൻ ക്രമീകരിക്കുന്നതടക്കം വളരെയധികം ബുദ്ധിമുട്ടുകളുണ്ട്. വരും വർഷം മുതൽ ഇങ്ങനെ തുക കുറവു ചെയ്യുന്നത് തദ്ദേശ സ്വയംഭരണ വകുപ്പുമായി ആലോചിച്ച് വേണം എന്ന് ധന വകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. കൂടാതെ ഈ തുക വികസനഫണ്ടിൽ നിന്നു കുറവു ചെയ്യുന്നതിനു പകരം മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് കുറവു ചെയ്യുന്ന രീതി പരിഗണിക്കണമെന്നും ധന വകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

3.5 (i) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കച്ചവട സ്ഥാപനങ്ങളിൽ, കെട്ടിടങ്ങളിൽ എസ്.സി/എസ്.റ്റി വിഭാഗക്കാർക്ക് പ്രാതിനിധ്യമില്ല എന്ന് യോഗം വിലയിരുത്തി. ഈ വിഭാഗക്കാർക്ക് ഇത്തരം കെട്ടിടങ്ങളും കച്ചവട സ്ഥാപനങ്ങളും അർഹമായ രീതിയിൽ ഇവർക്കും ലഭ്യമാക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിക്കണമെന്നും ബിനാമി രീതി ഇല്ലായെന്ന് ഉറപ്പുവരുത്തണമെന്നും യോഗം നിർദ്ദേശിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന കമ്മീഷണർ**

(ii) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് 'കില'യുടെ ആഭിമുഖ്യത്തിൽ ശാക്തീകരണത്തിന്റെ ഭാഗമായി ബന്ധപ്പെട്ട വിഷയത്തിൽ പ്രത്യേകം പരിശീലനം നൽകണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്**
**2) ഡയറക്ടർ, കില**

3.6 സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം സാമൂഹ്യനീതി ഡയറക്ടറും കുടുംബശ്രീയും പ്രത്യേകം പരിശോധിക്കണം. നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പോലും ജീവനക്കാർക്ക് ഓണറേറിയം മുടങ്ങുന്നതടക്കമുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട് എന്ന് യോഗം വിലയിരുത്തി. ഇവ പരിശോധിച്ച് പ്രത്യേക ഇടപെടൽ വകുപ്പുതലത്തിൽ

നടത്തണം. ഒപ്പം തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തേണ്ടവ ലിസ്റ്റ് സഹിതം അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**
**2) സാമൂഹ്യനീതി ഡയറക്ടർ**
**3) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

3.7 ആവശ്യമായ സ്ഥലത്ത് വൃത്തിയുള്ള പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ അടുത്ത വർഷം പ്രോജക്ട് തയ്യാറാക്കേണ്ടതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

3.8 തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബിൽ ബാങ്കു മുഖേന ഡിസ്കൗണ്ട് ചെയ്തെടുക്കുന്നതിന് ധനവകുപ്പ് ക്രമീകരണം ചെയ്യുന്നുണ്ട്. ഇതിന്റെ മാർഗ്ഗരേഖ തയ്യാറാക്കുന്നുണ്ട്. മാർഗ്ഗരേഖ പ്രകാരമുള്ള ക്രമീകരണം അതതു തദ്ദേശഭരണ സ്ഥാപനങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥരും ചെയ്യണം. BDS - നെ കുറിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ധാരണക്കുറവുള്ളതുകൊണ്ട് സംസ്ഥാനതലത്തിൽ ഇതിനായി പരിശീലനം നൽകുമെന്നും ധനവകുപ്പ് അഡീഷണൽ സെക്രട്ടറി യോഗത്തെ അറിയിച്ചു. ഈ പരിശീലനം ജില്ലാതലത്തിലും നടത്തുന്നത് പരിഗണിക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥരായ തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയർമാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ, മറ്റ് പ്രധാന നിർവഹണ ഉദ്യോഗസ്ഥർ എന്നിവർക്കും ഇതു സംബന്ധിച്ച പരിശീലനം നൽകുന്നതും പരിഗണിക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

3.9 കൂടുതൽ അടങ്കലുള്ള പ്രോജക്ടുകളുടെ പ്രത്യേകിച്ച് നിർമ്മാണ പ്രോജക്ടുകളുടെ, പാർട്ട് ബിൽ തയ്യാറാക്കണമെന്ന് പല പ്രാവശ്യം നിർദ്ദേശിച്ചിട്ടും ഇതു വേണ്ട രീതിയിൽ ചെയ്യുന്നില്ല. എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പാർട്ട് ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. നിർമ്മാണ പ്രവൃത്തികളെ ഇതുവരെ തയ്യാറാക്കിയ Part Bill കളുടെ എണ്ണം, തുക എന്നിവ സംബന്ധിച്ച വിവരം അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകണം.

**നടപടി :-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

3.10 കോർപ്പറേഷനുകളിൽ പദ്ധതി ചെലവ് വളരെ കുറവാണ്. ഇത് നഗരകാര്യ ഡയറക്ടർ പ്രത്യേകമായി വിലയിരുത്തണം. ഇതു സംബന്ധിച്ച റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (എഫ്.എം )വകുപ്പ്**
**2) നഗരകാര്യ ഡയറക്ടർ**

3.11 പല തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ഇപ്പോൾ നിലവിലില്ലാത്ത വാട്ടർ ടാപ്പുകൾക്കും KWA വെള്ള ചാർജ് ഈടാക്കുന്നുണ്ട്. ഇതിന്റെ കണക്കെടുത്ത് നിലവിലുള്ള ടാപ്പുകൾക്കു മാത്രം വെള്ളച്ചാർജ് നൽകുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾ KWA അധികാരികളുമായി ചർച്ച ചെയ്ത് ഇതു പരിഹരിക്കണം.

ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലുമുള്ള നിലവിലുള്ള പൊതു ടാപ്പുകളുടെ എണ്ണം, കുടിവെള്ള ചാർജ്ജ് കണക്കാക്കുന്ന വാട്ടർ ടാപ്പുകളുടെ എണ്ണം എന്നിവ പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും ഏപ്രിൽ ആദ്യം കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**

**3.12** പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിലെ ജില്ലാതല/ബ്ലോക്ക് തല ഉദ്യോഗസ്ഥർ SCP/TSP പ്രോജക്ടുകളുടെ നിർവഹണം വിലയിരുത്തണം. ഇത്തരം പ്രോജക്ടുകൾ കൂടുതലും നിർവഹണം നടത്തുന്നത് എസ്.സി/എസ്.റ്റി വകുപ്പിലെ ഉദ്യോഗസ്ഥരല്ല. അങ്ങനെയുള്ള ഉദ്യോഗസ്ഥരേയും (ഉദാ:അസി.സെക്രട്ടറി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ) ഉൾപ്പെടുത്തി അവലോകനം നടത്തി ആവശ്യമായ ഇടപെടൽ നടത്താൻ പട്ടികജാതി വികസന വകുപ്പിലേയും പട്ടികവർഗ്ഗ വികസന വകുപ്പിലേയും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി. ജില്ലാ കളക്ടർ ഇടപെടേണ്ട വിഷയങ്ങൾ, സർക്കാർ ഇടപെടേണ്ട വിഷയങ്ങൾ അതതു തലത്തിൽ തുടർ നടപടിക്കായി നൽകണം ഇതിനാവശ്യമായ നിർദ്ദേശം താഴേതലത്തിലേയ്ക്ക് പട്ടികജാതി വികസന വകുപ്പ ഡയറക്ടറും പട്ടികവർഗ്ഗ വികസന വകുപ്പ ഡയറക്ടറും നൽകണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ**
**3) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ**

## 4. പ്രത്യേക വിഷയങ്ങൾ

====================

## 4.1 പീരുമേട് ഗ്രാമപഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.10.2019-ലെ കത്ത് (SRG 908/19 - CC/681/2019)**

***പ്രോ.നം.173/20*** ***അടങ്കൽ 1,00,000/- രൂപ (വികസന ഫണ്ട്)***

***പേര്:- പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഇരു ചക്രവാഹനം വാങ്ങൽ***

ഗ്രാമപഞ്ചായത്ത് ഓഫീസ് ആവശ്യത്തിന് ഒരു മോട്ടോർ ബൈക്ക് വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** വികസനഫണ്ട് ഉപയോഗിക്കാവുന്നതല്ല. തനത് ഫണ്ട് ഉപയോഗിച്ച് ഓട്ടോമാറ്റിക് ഗിയർ സിസ്റ്റമുള്ള സ്കൂട്ടർ വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.2 ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.10.2019-ലെ കത്ത് (SRG 904/19/ CC-636/19)

**പ്രോ.നം. 14/20** **അടങ്കൽ 17,36,000/- രൂപ**
**(വികസനഫണ്ട് 17,34,080/- രൂപ**
**തനത് ഫണ്ട് - 1,920- രൂപ)**

**പേര്:- സമുദ്ര, ഉൾനാടൻ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പും പഠനോപകരണങ്ങളും**

മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് ലാപ് ടോപ് വിതരണത്തിന് പ്രോജക്ട് ഏറ്റെടുക്കാവുന്നത്. പ്രത്യേക അനുമതി സംബന്ധിച്ച്.

.

**തീരുമാനം:-** ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ഗ്രാമസഭാ ലിസ്റ്റ് പ്രകാരം വിതരണം ചെയ്യണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.3 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.11.2019-ലെ കത്തും ജില്ലാ പഞ്ചായത്തിന്റെ 31.10.2019-ലെ 5-ാം ഭരണസമിതി തീരുമാനവും പ്രസിഡന്റിന്റെ 23.11.2019-ലെ കത്തും (SRG 1053/19/CC/808/19,SRG 1044/19)**

***(i) പ്രോ.നം.554/20*** ***അടങ്കൽ - 4,15,18,438/- രൂപ***
***(വികസന ഫണ്ട്(SCP) -1,66,07,375/- രൂപ***
***ഗ്രാമപഞ്ചായത്ത് വിഹിതം - 1,66,07,375/- രൂപ***
***ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 83,03,688/- രൂപ)***

***പേര് - ന്യൂ ലൈഫ് - ലക്ഷം വീട് കോളനികളുടെ നവീകരണം - SC***

***(ii) പ്രോ.നം. 145/20*** ***അടങ്കൽ - 7,50,00,000/- രൂപ***
***(വികസനഫണ്ട് - 3,00,00,000/-***
***ഗ്രാമപഞ്ചായത്ത് വിഹിതം - 3,00,00,000/-***
***ബ്ലോക്ക് വിഹിതം - 1,50,00,000/- രൂപ)***

***പേര് - ന്യൂ ലൈഫ് - ലക്ഷം വീട് കോളനികളുടെ നവീകരണം (ജനറൽ)***

ജില്ലയിൽ ലക്ഷം വീട്ട പദ്ധതികൾ പ്രകാരമുള്ള ഇരട്ട വീടുകൾ 2000 നു മുമ്പ് ഒറ്റവീടാക്കിയിരുന്നു. പിന്നീട് ഇവയുടെ അറ്റകുറ്റപ്പണിക്ക് സാമ്പത്തിക സഹായം നൽകിയിട്ടില്ല. ഈ വീടുകൾ ജീർണ്ണാവസ്ഥയിലാണ്. ഇവയ്ക്ക് മേൽക്കൂര മാറ്റൽ, പ്ലാസ്റ്ററിംഗ്, ജനൽ/ വാതിൽ മാറ്റിവയ്ക്കലടക്കം അറ്റകുറ്റപ്പണി ആവശ്യമുണ്ട്. അതിന് ശരാശരി 2.00 ലക്ഷം രൂപ വേണം. അതിനാൽ ഇത്തരം വീടുകൾ വാസയോഗ്യമാക്കുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.00 ലക്ഷം രൂപവരെ നൽകാൻ അനുമതി സംബന്ധിച്ച്. ലൈഫ് പദ്ധതിക്കായി മാറ്റി വച്ചിരിക്കുന്ന 20%

വിഹിതത്തിൽ നിന്നല്ല ഇതിന് തുക കണ്ടെത്തുന്നത്. ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും 40:40:20 അനുപാതത്തിലാണ് തുക കണ്ടെത്തുന്നത്.

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു. ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഇതിനായി വകയിരുത്തുന്ന തുക ലൈഫ് പദ്ധതിക്കായി മാറ്റി വയ്ക്കുന്ന 20 ശതമാനം തുകയിൽ നിന്നാകരുതെന്ന നിബന്ധന പാലിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.4 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്

**ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 13.09.2018-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018-ലെ (ഖണ്ഡിക 4.52) തീരുമാനവും ഗ്രാമവികസന കമ്മീഷണറുടെ 16.10.2019-ലെ DP4/2428/19/CRD നമ്പർ കത്തും (SRG 1032/19 - LSGD/DD2/481/2018 - LSGD)**

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഗ്രാമ ന്യായാലയം പണിയാൻ 75.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. MPLAD-യിൽ 45.00 ലക്ഷം രൂപ അനുവദിച്ചു. ബ്ലോക്ക് പഞ്ചായത്ത് 15.00 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 2.50 ലക്ഷം രൂപ വീതം കൂടി ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018-ലെ യോഗത്തിൽ ഇതു പരിഗണിച്ചിരുന്നുവെങ്കിലും ഇതിന് കേന്ദ്ര വിഹിതം ലഭിക്കുന്നതിന്റെ സാധ്യത കൂടി ആരായണമെന്നും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ യോഗം വിളിച്ച് റിപ്പോർട്ട് സഹിതം നൽകണമെന്നും നിർദ്ദേശിച്ചു. ഗ്രാമ വികസന കമ്മീഷണറുടെ റിപ്പോർട്ട സഹിതം അനുമതിക്കായി നൽകിയിരിക്കുന്നു. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം:-** പിന്നീട് പരിഗണിക്കാൻ മാറ്റി വച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.5 തലയാഴം ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.10.2019-ലെ കത്തും തലയാഴം ഗ്രാമപഞ്ചായത്തിന്റെ 05.08.2019-ലെ 2 (ii)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 897/19 - CC/631/19)**

***പ്രോ.നം. 183/20*** ***അടങ്കൽ 4,00,000/- രൂപ***
***(വികസന ഫണ്ട് )***

***പേര്:- ആശ്രയ പദ്ധതി***

2018-19-ൽ ആശ്രയ പദ്ധതിയിൽ ഭവന നിർമ്മാണത്തിന് പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഈ വർഷം സ്പിൽ ഓവർ ആയി പ്രോജക്ട് തുടരുന്നു. ഈ പദ്ധതിയിലെ ഗുണഭോക്താവിന് പള്ളി വക ഭവനം ലഭിച്ചതിനാൽ വീട്

ആവശ്യമില്ലെന്ന് അറിയിച്ചു. ഗുണഭോക്തൃ ലിസ്റ്റിൽ വേറെ ആളില്ല. പുതിയ ലിസ്റ്റിൽ നിന്ന് ഒരാൾക്ക് വീട് നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** പുതിയ ഗുണഭോക്താവ് അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താവാണെങ്കിൽ പുതിയ പ്രോജക്ടായി തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അനുമതിയോടെ നടപ്പാക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.6 ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.10.2019-ലെ കത്തും ആര്യാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 16.10.2019-ലെ E - 3838/2018-ാം നമ്പർ കത്തും 21.03.2017-ലെ 803/17/തസ്വഭവ നമ്പർ സർക്കാർ ഉത്തരവും ( SRG 903/19- CC/666/2019)**

ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 1.05 ഏക്കർ സ്ഥലത്ത് ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ആര്യാട് കയർ കോമൺ ഫസിലിറ്റി സെന്റർ എന്ന പേരിൽ കെട്ടിടം നിർമ്മിച്ചിരുന്നു. 2000-01-ൽ പൂർത്തിയായ ഈ കെട്ടിടത്തിന്റെ നിർമ്മാണ ചെലവ് 28,46,263/- രൂപയാണ്. പ്രാദേശിക കാരണങ്ങളാൽ കെട്ടിടത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചില്ല. ഈ സ്ഥലവും കെട്ടിടവും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ( ASAP) കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കുന്നതിനായി വിട്ടു നൽകുന്നതിന് 21.03.2017-ലെ 803/17 തസ്വഭവ നമ്പർ ഉത്തരവു പ്രകാരം അനുമതി നൽകിയിരുന്നു.

നിലവിലുള്ള കെട്ടിടം പൊളിച്ചു മാറ്റിയാൽ മാത്രമേ ASAP ന് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കാൻ സാധിക്കൂ. പ്രസ്തുത സാഹചര്യത്തിൽ ഈ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം:-** മാനദണ്ഡ പ്രകാരമുള്ള മറ്റു നടപടിക്രമങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

## 4.7 കണ്ണൂർ ജില്ലാ പഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.10.2019-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17.10.2019-ലെ B2-4263/2018-ാം നമ്പർ കത്തും ( SRG 919/19 CC/688/19)**

***പ്രോ.നം. 31/19*** ***അടങ്കൽ : 20,00,000/- രൂപ***
***(വികസനഫണ്ട് 8,00,000/- രൂപ***
***ഗുണഭോക്തൃ വിഹിതം 12,00,000/- രൂപ)***

2018-19ൽ വളപ്പ് കൃഷി ( pen culture ) എന്ന പ്രോജക്ട് നടപ്പാക്കി വരുന്നു. രാമന്തളി, കുഞ്ഞിമംഗലം എന്നീ പഞ്ചായത്തുകളിലെ 4 ഗ്രൂപ്പുകൾക്കാണ് ധനസഹായം നൽകിയത്. മത്സ്യക്കൃഷിയുടെ ആരംഭത്തിൽ നിശ്ചിത വലിപ്പമുള്ള കാളാഞ്ചി ഇനത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെ കേരളത്തിൽ ലഭ്യമല്ലാത്തതിനാൽ ആന്ധ്രാപ്രദേശിൽ നിന്നും കൊണ്ടു വന്നു. ദീർഘ ദൂരം സഞ്ചരിച്ച്

കൊണ്ടുവന്നതിനാൽ 75 ശതമാനത്തോളം കുഞ്ഞുങ്ങൾ നശിച്ചുപോയി. ഈ ഗ്രൂപ്പുകൾക്ക് വീണ്ടും ഈ മത്സ്യകൃഷി ചെയ്യാൻ ധനസഹായം നൽകുന്നതിന് അനുമതി സംബന്ധിച്ച് .

**തീരുമാനം:-** വിശദാംശം സഹിതം പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് നൽകാൻ നിർദ്ദേശിക്കുന്നു

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.8എഴുപുന്ന ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.11.2019-ലെ കത്ത് ( SRG 982/19/CC/804/2019)**

***പ്രോ.നം. 119/20 അടങ്കൽ 1,70,000/- രൂപ ( SCP)***

***പേര് :- വെള്ളക്കെട്ടുള്ള എസ്.സി. കുടുംബങ്ങളുടെ പുരയിടം മണ്ണിട്ടുയർത്തൽ***

പഞ്ചായത്തിലെ 11-ാം വാർഡിലെ പട്ടികജാതി കുടുംബങ്ങളുടെ പുരയിടം മണ്ണിട്ടുയർത്തുന്നതിന് മാനദണ്ഡം നിശ്ചയിച്ച് നൽകണമെന്നത് സംബന്ധിച്ച്

**തീരുമാനം:-** വീടിന് സംരക്ഷണമൊരുക്കുന്നതിന്റെ ഭാഗമായി വീടിനു ചുറ്റും മണ്ണിട്ടുയർത്തുന്നതിന് പ്രത്യേക അനുമതി നൽകുന്നു. ഇതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി വാങ്ങി പ്രോജക്ട് നടപ്പാക്കാവുന്നതാണ്. എന്നാൽ വീടിന്റെ സംരക്ഷണത്തിന്റെ ഭാഗമല്ലാതെ പുരയിടമാകെ മണ്ണിട്ടുയർത്തുന്നതിന് അനുമതി നൽകുന്നില്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.9 വനിതാ ശിശു വികസനം

**പഞ്ചായത്ത് ഡയറക്ടറുടെ 20.03.2019-ലെ J1-3854/2019-ാം നമ്പർ കത്തും വനിതാ ശിശു വികസന ഡയറക്ടറുടെ 14.02.2019-ലെ ICDS/B3-34955/17-ാം നമ്പർ കത്തും (SRG 359/19)**

അങ്കണവാടികളിൽ കുട്ടികൾക്കുള്ള അനുപൂരക പോഷകാഹാരത്തിൽ റാഗി, തിന, മില്ലറ്റ് ഇവ ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** ഇവ കേരളത്തിൽ തന്നെ ഉല്പാദിപ്പിക്കുന്ന വയാകണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.10 കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.11.2019-ലെ കത്ത് ( SRG 980/19/CC/777/2019)**

*പ്രോ.നം : 36/20* *അടങ്കൽ 8,50,000/- രൂപ*
*( വികസന ഫണ്ട് - 6,00,000/- രൂപ*
*തനത് ഫണ്ട് - 2,50,000/- രൂപ)*

കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിലെ തണ്ണീർമുക്കം CHC യ്ക്ക് ആംബുലൻസ് വാങ്ങാനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു. എന്നാൽ ഇതിന്റെ ആവർത്തന ചെലവ് ആംബുലൻസിൽ നിന്നുമുള്ള വരുമാനത്തിൽ നിന്ന് കണ്ടെത്തണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.11 തിരൂർ ബ്ലോക്ക് പഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.12.19-ലെ കത്തും തിരൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 26.11.19 -ലെ കത്തും (SRG 1094/19 - CC 884/19)**

*പ്രോ.നം : 71/20* *അടങ്കൽ 5,88,700/- രൂപ (SCP)*

***പേര്:- പുറത്തൂർ GW LPS - ക്ലാസ്സ് റൂം ഹൈടെക്ക് ആക്കുന്നതിന് ഉപകരണങ്ങൾ വാങ്ങൽ***

തിരൂർ ബ്ലോക്ക് പഞ്ചായത്തിലെ പുറത്തൂർ GWLPS - ന്റെ ക്ലാസ്സ് റൂം ഹൈടെക്ക് ആക്കുന്നതിന് ഉപകരണം വാങ്ങാനുള്ള പ്രോജക്റ്റിന് SCP ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ സ്കൂളിലെ 50 ശതമാനത്തിലധികം കുട്ടികളും ജനറൽ വിഭാഗത്തിൽപ്പെട്ടവരായതിനാൽ ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.12 നീണ്ടകര ഗ്രാമ പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.12.19-ലെ കത്ത് (SRG 1095/19 - CC 932/19)**

*പ്രോ.നം : 44/20* *അടങ്കൽ 5,95,000/- രൂപ (വികസനഫണ്ട്)*

***പേര്:- ആശ്രയ പട്ടികയിൽ ഉൾപ്പെട്ട വിധവകൾക്ക് ആട് വിതരണം***

ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് 100 ശതമാനം സബ്സിഡിയോടെ ആട്ട വിതരണത്തിനുള്ള പ്രോജക്റ്റിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ആശ്രയ കുടുംബത്തിനുവേണ്ടി കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ ലിസ്റ്റിൽ ഉൾപ്പെട്ട കുടംബങ്ങൾ ആണെങ്കിൽ 100 ശതമാനം സബ്സിഡി നൽകാവുന്നതാണ്. അല്ലായെങ്കിൽ മാർഗ്ഗരേഖയിലെ നിരക്ക് പാലിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.13 മീനച്ചിൽ ഗ്രാമ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.12.19-ലെ കത്തും അനുബന്ധ കുറിപ്പും (SRG 1096/19 - CC 920/19)**

***പ്രോ.നം : 110/19 അടങ്കൽ 75,000- രൂപ (വികസനഫണ്ട്)***
***പേര്:- പൂവരണി അമ്പലം ചെത്തിമറ്റം നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 12***

2018-19-ൽ പദ്ധതിയിൽ ഉൾപ്പെട്ട പൂവരണി അമ്പലം ചെത്തിമറ്റം നടപ്പാത കോൺ ക്രീറ്റിംഗ് എന്ന പ്രോജക്ട് കഴിഞ്ഞ വർഷം ടെണ്ടർ ചെയ്ത് കരാർ വച്ചിരുന്നു. ഈ വർഷം പ്രോജക്ട് പൂർത്തീകരിച്ചു. സ്പിൽ ഓവർ ആയി ഉൾപ്പെടുത്താൻ വിട്ടുപോയി. 2019-20 -ലെ പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു. സ്പിൽ ഓവറായി ഉൾപ്പെടുത്തുന്നതിന് ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

## 4.14 നീണ്ടകര ഗ്രാമ പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.12.19-ലെ കത്ത് 28.11.2019-ലെ II (3) - ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 1098/19 - CC 933/19)**

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട വിധവയും ആശ്രയ ഗുണഭോക്താവുമായ ശ്രീമതി. അശോക കുമാരി കുടുംബ റേഷൻ കാർഡിലാണ് ഉൾപ്പെട്ടിരിക്കുന്നത്.
എന്നാൽ ഇപ്പോൾ സ്വന്തമായി റേഷൻ കാർഡ് എടുത്തിട്ടുണ്ട്. ഇവർക്ക് വീടു നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ലൈഫ് ലിസ്റ്റ് പ്രകാരം ഇവർ അയോഗ്യരാണെന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. അനുമതി നിരസിച്ചു.

എന്നാൽ ആശ്രയ പദ്ധതി പ്രകാരം മറ്റു രീതിയിൽ വീട് നൽകാവുന്നതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.15 ചിറക്കടവ് ഗ്രാമ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.12.19-ലെ കത്ത് (SRG 1102/19 - CC 870/19)**

***പ്രോ.നം : 30/20 അടങ്കൽ 9,00,000/- രൂപ (വികസനഫണ്ട്)***
***പേര്:- പ്ലാസ്റ്റിക് നിർമ്മാർജ്ജനം - ബോധവൽക്കരണവും സംഭരണവും***

ഹരിത കർമ്മസേന മുഖാന്തിരം ശേഖരിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ കാഞ്ഞിരപ്പള്ളിയിലെ ഷ്രെഡ്ഡിംഗ് യൂണിറ്റിലേക്കെത്തിക്കുന്നതിന് ട്രാൻസ്പോർട്ടേഷൻ, ഹരിത കർമ്മസേനക്ക് പരിശീലനം, ഐഡി കാർഡ്, യൂണിഫോം എന്നിവയ്ക്കായുള്ള പ്രോജക്ടിന് അംഗീകാരം സംബന്ധിച്ച്.

**തീരുമാനം:-** ബോധവൽക്കരണത്തിന് മാറ്റി വച്ചിരിക്കുന്ന 3.00 ലക്ഷം രൂപ കൂടുതലാണെന്ന് യോഗം വിലയിരുത്തി. ഇതൊഴിവാക്കി മറ്റ് ഘടക ങ്ങൾക്കായി പ്രോജക്ട് തയ്യാറാക്കി നടപ്പാക്കാവുന്നതാണ്

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.16 നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.01.2020ലെ കത്തും ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ 14.10.2019-ലെ റിപ്പോർട്ടും ( SRG 1267/19 - CC/12/20)**

***പ്രോ.നം : 182/20*** ***അടങ്കൽ 8,77,800 രൂപ (വികസനഫണ്ട്)***

***പേര്:- പ്രളയ ബാധിത മേഖലകളിൽ കക്കൂസ്***

പ്രളയ ബാധിത മേഖലകളിൽ കക്കൂസ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. ശുചിത്വ മിഷൻ ഗ്രാന്റ് ലഭ്യമല്ലാത്തതിനാൽ ശുചിത്വ മേഖലയ്ക്കായി മാറ്റി വച്ചിരിക്കുന്ന വികസന ഫണ്ട് (10 ശതമാനം) ഉപയോഗിച്ച് ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** പ്രളയം ബാധിച്ച പ്രദേശമെന്ന നിലയിൽ പ്രത്യേക അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.17 പല്ലാരിമംഗലം ഗ്രാമ പഞ്ചായത്ത്

**ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.12.19-ലെ കത്തും പല്ലാരിമംഗലം പ്രസിഡന്റിന്റെ 16.05.2019-ലെ A3-297/18-ാം നമ്പർ കത്തും ജില്ലാ പ്ലാനിംഗ് ഓഫീസറുടെ റിപ്പോർട്ടും ( SRG 1099/19 - CC - 384/19)**

ബഡ്സ് സ്കൂൾ പ്രവർത്തനത്തിന് ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് സഹായത്തോടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതോടൊപ്പം സ്കൂൾ ജീവനക്കാരുടെ ഓണറേറിയം നൽകുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി 12.00 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചിട്ടില്ല. മറ്റ് വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടായതിനാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് ഓണറേറിയം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

ജില്ലാ പ്ലാനിംഗ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം സ്കൂൾ പ്രവർത്തിക്കാനുള്ള ചെലവ് താഴെപ്പറയും പ്രകാരമാണ്. ആകെ കുട്ടികൾ 62

സ്കൂൾ പ്രവർത്തനം - 3,00,000/- രൂപ
ഓണറേറിയം - 14,53,000/- രൂപ
വാഹനച്ചെലവ് - 2,25,000/- രൂപ

ഈ വർഷം വാഹനച്ചെലവിനത്തിൽ 2,00,000/- രൂപയും ഓണറേറിയത്തിന് 3,66,000/- രൂപയും വികസനഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. ഓണറേറിയത്തിന് ശേഷിക്കുന്ന 11.00 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിക്കാനാണ് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** (i) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിച്ചു.

(ii) എന്നാൽ ഇതിനായി ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്താവുന്ന താണ്. ഇതിനാവശ്യമായ ഇടപെടൽ ജില്ലാ പഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്തിലും നടത്താൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടത്തി. ജില്ലാ പഞ്ചായത്തും ബ്ലോക്ക പഞ്ചായത്തും ഇതിനായി പ്രത്യേക പരിഗണന നൽകേണ്ട താണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

## 4.18 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.08.19-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2019-ലെ യോഗ തീരുമാനവും (ഖണ്ഡിക 4.8) മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 15.10.2019-ലെ C/2098/19-ാം നമ്പർ കത്തും.**

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ സങ്കേതങ്ങളിലേയ്ക്ക് 6 റോഡുകൾ ഉൾപ്പെടുത്തിയിരുന്നു. ഇവയ്ക്ക് 6 മീറ്ററിൽ താഴെ മാത്രമാണ് വീതി എന്നതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഓരോ റോഡിന്റെയും വീതി, നീളം എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി സമർപ്പിക്കാൻ 26.09.2019-ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം വിശദാംശങ്ങൾ സഹിതം സമർപ്പിച്ചു. ഇതിന് അനുമതി സംബന്ധിച്ച്

| ക്രമ നം | പ്രോനം | പ്രോജക്ടിന്റെ പേര് | തുക | നീളം (മീറ്റർ) | വീതി (മീറ്റർ) |
|---|---|---|---|---|---|
| 1 | 21/20 | തോണിച്ചാൽ ശിവൻകന്ന് റോഡ് കോൺക്രീറ്റ് - എടവക പഞ്ചായത്ത് | 7,00,000 (റ്റി.എസ്.പി) | 400 | 3 |
| 2 | 22/20 | കൊല്ലിയിൽ കൊമ്പെക്കൊല്ലി കോളനി റോഡ് തൊണ്ടനാട് പഞ്ചായത്ത് | 7,00,000 (റ്റി.എസ്.പി) | 1000 | 5 |

| | | | | | |
|---|---|---|---|---|---|
| 3 | 28/20 | ഗോദാവരി കോളനി റോഡ് കോൺക്രീറ്റ് - തവിഞ്ഞാൽ പഞ്ചായത്ത് | 6,00,000 (റ്റി.എസ്.പി) | 800 | 5 |
| 4 | 37/20 | മോനിച്ചൻകുന്ന് മണലിമൂല കോളനി റോഡ് കോൺക്രീറ്റിംഗ് - തവിഞ്ഞാൽ പഞ്ചായത്ത് | 7,00,000 (റ്റി.എസ്.പി) | 800 | 5 |
| 5 | 38/20 | തവിഞ്ഞാൽ പഞ്ചായത്തിലെ പ്രിയദർശിനി കോളനി റോഡ് സൈഡ് കെട്ട് | 7,00,000 (റ്റി.എസ്.പി) | 250 | 3 |
| 6 | 41/20 | വേണ്ടചെന്നി എസ്.റ്റി കോളനി റോഡ് കോൺക്രീറ്റിംഗ് - എടവക ഗ്രാമപഞ്ചായത്ത് | 7,00,000 (റ്റി.എസ്.പി) | 400 | 3 |
| 7 | 68/20 | ചെറുവയൽ കോളനി റോഡ് സൈഡ് കെട്ട് കോൺക്രീറ്റ് - എടവക ഗ്രാമപഞ്ചായത്ത് | 5,00,000 (റ്റി.എസ്.പി) | 250 | 3 |

**തീരുമാനം:-** മാനദണ്ഡപ്രകാരമുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റേയും സോഷ്യൽ മാപ്പിന്റേയും അടിസ്ഥാനത്തിൽ നടപ്പാക്കാൻ അനുമതി നൽകുന്നു. പ്രവൃത്തികൾ എല്ലാം തന്നെ പട്ടികവർഗ്ഗ സാങ്കേതങ്ങളിൽ നിന്ന് ആരംഭിക്കേണ്ട താണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.19തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

**തിരുവന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.12.2019-ലെ കത്തും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.11.2019-ലെ dptvm/president/253/19-ാം നമ്പർ കത്തും ( SRG 1139/19-CC /967/2019)**

***പ്രോ.നം : 1514/18 അടങ്കൽ 42,50,000- രൂപ (വികസനഫണ്ട്)***

***പേര്:- പഠനമുറി 2015-16, 2016-17 തുടർ ഗഡു ധനസഹായം***

പട്ടികജാതി വിഭാഗങ്ങൾക്ക് പഠനമുറി നിർമ്മിച്ചപ്പോൾ രണ്ടാം ഗഡു ലഭിക്കാത്തവർക്ക് ഈ തുക നൽകുന്നതിന് 2017-18-ൽ പ്രോജക്റ്റ് ഉൾപ്പെടുത്തിയിരുന്നു. 9 ഗുണഭോക്താക്കൾക്കാണ് തുക നൽകാനുള്ളത്. ആകെ 3,56,208/- രൂപയാണ് നൽകാനുള്ളത്. ഈ തുക നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.20 തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തിയിൽപ്പെടാത്ത റോഡുകൾ പുനരുദ്ധരിക്കൽ

**ബഹു. കുന്ദമംഗലം എം.എൽ.എയുടെ 08.11.2019-ലെ T - 131/2019-ാം നമ്പർ കത്ത് (SRG 1049/19)**

വാട്ടർ അതോറിറ്റി, ഇറിഗേഷൻ, മൈനർ ഇറിഗേഷൻ എന്നീ വകുപ്പുകളുടെ ഉടമസ്ഥതയിൽ ഉള്ളതും എന്നാൽ പൊതു ജനങ്ങൾ ഉപയോഗിക്കുന്നതുമായ റോഡുകൾ, ബന്ധപ്പെട്ട വകുപ്പുകൾ അറ്റകുറ്റപ്പണി നടത്തുന്നില്ല. ഈ റോഡുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഇല്ലാത്തതു കാരണം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് അറ്റകുറ്റപ്പണി നടത്താൻ കഴിയുന്നില്ല. തകർന്നു കിടക്കുന്ന ഇത്തരം റോഡുകൾ ബന്ധപ്പെട്ട വകുപ്പിന്റെ നിരാക്ഷേപ പത്രം വാങ്ങി തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുനരുദ്ധരിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഈ വർഷത്തെ പ്രോജക്ട് നിർവഹണം അന്തിമ ഘട്ടത്തിലെത്തിയിരിക്കുന്നതിനാൽ ഈ വർഷത്തേയ്ക്ക് ഇതു പരിഗണിക്കുന്നില്ല. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിലുള്ള റോഡുകൾക്ക് അറ്റകുറ്റപ്പണി ആവശ്യമില്ലെങ്കിൽ വരും വർഷങ്ങളിൽ ബന്ധപ്പെട്ട വകുപ്പിന്റെ അനുമതിയോടെ ഇത്തരം റോഡുകൾ അറ്റകുറ്റപ്പണി നടത്താവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.21 കൈനകരി ഗ്രാമപഞ്ചായത്ത്

**തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 28.11.2019-ലെ DB 3/753/2013/CE /തസ്വഭവ നമ്പർ കത്ത് ( SRG 80/2020)**

കൈനകരി ഗ്രാമപഞ്ചായത്ത് വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമാണ്. ഇവിടേയ്ക്ക് നിർമ്മാണ പ്രവർത്തനത്തിന് സാധനസാമഗ്രികൾ എത്തിക്കുന്നത് ജംഗാർ മാർഗ്ഗമോ ബോട്ടു മാർഗ്ഗമോ ആണ്. അതിനാൽ ചെലവ് കൂടും. ആലപ്പുഴ ജില്ലയിലെ CPWD നിരക്കായ 148.71 കോസ്റ്റ് ഇൻഡക്സാണ് ഇവിടെ ഇപ്പോൾ ബാധകം. ഇതിനാൽ കൈനകരിയിൽ നിർമ്മാണ പ്രവൃത്തികൾ നടത്താൻ ബുദ്ധിമുട്ടുണ്ട്.എന്നാൽ കൈനകരി പോലുള്ള വെള്ളത്താൽ ചുറ്റപ്പെട്ട ഭൂപ്രകൃതിക്ക് സമാനമായ SAI പുന്നമട പ്രദേശത്ത് 160.48 ആണ് കോസ്റ്റ് ഇൻഡക്സ്.

പൊതുമരാമത്ത് വകുപ്പു മുഖാന്തിരം കൈനകരി പ്രദേശത്ത് നടപ്പിലാക്കുന്ന പ്രവർത്തികൾക്ക് SAI പുന്നമടയിലെ കോസ്റ്റ് ഇൻഡക്സ് പ്രകാരമാണ് എസ്റ്റിമേറ്റ് എടുക്കുന്നത്. അതിനാൽ പൊതു മരാമത്ത് വകുപ്പിൽ അനുവദിച്ച

നൽകിയിരിക്കുന്നതുപോലെ കൈനകരി ഗ്രാമപഞ്ചായത്തിൽ SAI പുന്നമടയിലെ കോസ്റ്റ് ഇൻഡക്സ് നിശ്ചയിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** അനുമതി നൽകുന്നു. ആവശ്യമായ നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

## 4.22 പട്ടികവർഗ്ഗ വികസനം - ഗോത്ര സാരഥി

**പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ 06.12.2019-ലെ pm3.14382/18-ാം നമ്പർ കത്ത്**

വിദൂരവും ദുർഘടവുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് 2013-14 മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഗോത്ര സാരഥി എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. വകുപ്പിന് ഫണ്ട് കുറവായതിനാൽ 2019-20 മുതൽ ഗോത്ര സാരഥി പദ്ധതിക്കാവശ്യമായ പ്രോജക്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ TSP ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കാൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഇതിനായി പഞ്ചായത്തുകൾക്കും നഗരസഭ കൾക്കും പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകുന്നു. ഫണ്ട് തികയാതെ വരുന്ന സാഹചര്യങ്ങളിൽ ജില്ലാ പഞ്ചായത്തിനും ഇതിന് വിഹിതം വകയിരുത്താവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.23 മഞ്ചേരി മുനിസിപ്പാലിറ്റി

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.11.2019-ലെ കത്ത്. (SRG 993/19 - CC/818/19)**

***പ്രോ.നം. 295/2018*** ***അടങ്കൽ 18,64,006 ( ലോക ബാങ്ക് വിഹിതം)***

***പേര്:- നെല്ലിക്കുത്ത് ഹൈസ്കൂൾ കെട്ടിട നിർമ്മാണം***

2016-17 വർഷം ലോക ബാങ്ക് വിഹിതമായി 20.00 ലക്ഷം രൂപ ഉൾപ്പെടുത്തി നെല്ലിക്കുത്ത് ഹൈസ്കൂൾ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി ഏറ്റെടുത്തിരുന്നു. ഇതിന്റെ നിർമ്മാണം പൂർത്തിയാക്കി. പാർട്ട് ബിൽ തുകയായി 11,80,599/- രൂപ 31.03.2017-ന് കരാറുകാരന് നൽകി. ലോക ബാങ്ക് വിഹിതം ഇല്ലാത്തതിനാൽ ബാക്കി തുക നൽകാൻ 2019-20-ൽ പ്രോജക്ട് തയ്യാറാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ബിൽ പ്രകാരമുള്ള ബാക്കി തുക നൽകാൻ അനുവദനീയമായ വിഹിതം ഉൾപ്പെടുത്താൻ അനുമതി നൽകുന്നു. പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.24 തവനൂർ ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.11.2019-ലെ കത്ത്. (SRG 992/19 - CC/819/2019)**

***പ്രോ.നം.34/20 അടങ്കൽ 3,00,000/- രൂപ ( SCP)***

***പേര്:- SC യുവതീ യുവാക്കൾക്ക് തൊഴിലിനുവേണ്ടി വിദേശയാത്ര ധനസഹായം***

SC/ST വിഭാഗത്തിലെ ശ്രീ. ബാബു തൊഴുകയിൽ എന്ന വ്യക്തി വിദേശത്ത് തൊഴിൽ തേടി പോയത് 09.03.2019ലാണ്. എന്നാൽ ധനസഹായത്തിന് അപേക്ഷിച്ചത് 29.08.2019 നാണ്. അപേക്ഷ സമർപ്പിച്ചതിൽ വരുത്തിയ കാലതാമസം മാപ്പാക്കി ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഇപ്പോഴും ഈ ഗുണഭോക്താവ് വിദേശത്ത് ജോലിയിൽ തുടരുന്നുണ്ട് എന്ന് ഉറപ്പാക്കി മാർഗ്ഗരേഖ പ്രകാരമുള്ള മാനദണ്ഡം പാലിച്ച് തുക നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.25 പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.11.2019-ലെ കത്ത് ( 2 എണ്ണം) ശുചിത്വ മിഷൻ എറണാകുളം ജില്ലാ കോഓർഡിനേറ്ററുടെ 19.10.2019-ലെ 700/ SBM/SLWM/2019 - ◌◌ം നമ്പർ കത്തും ( SRG 948/19 - CC /470/2019/)**

***പ്രോ.നം.110/19 അടങ്കൽ 10,00,000/- രൂപ***

***(കേന്ദ്രാവിഷ്കൃത വിഹിതം)***

***പേര്:-പഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകൾക്ക് ഖരദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ***

ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച ഈ പ്രോജക്ട് ശുചിത്വ മിഷന്റെ സർവീസ് പ്രൊവൈഡറായ 'പ്രകൃതി ആലുവ' എന്ന ഏജൻസി മുഖേന സ്കൂളുകളിൽ നടപ്പാക്കി. എന്നാൽ ശുചിത്വ മിഷനിൽ നിന്നും സാങ്കേതികാനുമതി വാങ്ങിയിരുന്നില്ല. അതിനാൽ തുക നൽകാൻ കഴിഞ്ഞില്ല. ഈ വീഴ്ച മാപ്പാക്കി തുക വിനിയോഗിക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ**

## 4.26 ഹരിപ്പാട് മുനിസിപ്പാലിറ്റി

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.11.2019-ലെ കത്ത്. (SRG 978/19 - CC/689/2019)**

***പ്രോ.നം.78/2020 അടങ്കൽ 5,00,000/- രൂപ (വികസനഫണ്ട്)***

***പേര്:- ഭവന പരിസരം മണ്ണിട്ട് ഉയർത്തൽ***

താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിലുള്ളവരുടെ നിരവധി വീടുകളുടെ അടിത്തറയ്ക്ക് പ്രളയം മൂലം ബലക്ഷയം സംഭവിച്ചിട്ടുണ്ട്. ഇവരുടെ ഭവന പരിസരം മണ്ണിട്ടുയർത്തുന്നതിനുള്ള പ്രോജ്കടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിട്ടുണ്ട്. 25 കുടുംബങ്ങൾക്ക് 20,000/- രൂപ വീതം നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം:-** സർക്കാരിൽ നിന്ന് മറ്റ് ധനസഹായം ലഭിച്ചിട്ടില്ല എന്നുറപ്പാക്കി ഭവന പരിസരം മണ്ണിട്ടുയർത്തുന്നതിന് പ്രോജക്ട് നടപ്പാക്കാവുന്നതാണ്. എന്നാൽ ഓരോ കുടുംബത്തിനും 20,000/- രൂപ വീതം നൽകുന്ന രീതി പാടില്ല. ചെയ്യുന്ന പ്രവൃത്തിയുടെ മെഷർമെന്റ് പ്രകാരം ധനസഹായം നൽകാം

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.27 പാലാ മുനിസിപ്പാലിറ്റി

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.11.2019-ലെ കത്ത്. (SRG 1000/19 - CC/822/2019)**

*പ്രോ.നം.377/2020* *അടങ്കൽ 1,26,250/- രൂപ (വികസനഫണ്ട്)*

***പേര്:- പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ബോട്ട് വാങ്ങൽ***

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി 6 പേർക്ക് സഞ്ചരിക്കാവുന്ന എഞ്ചിൻ ഘടിപ്പിച്ച ഫൈബർ ബോട്ട് വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.28 മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.11.2019-ലെ കത്ത്. മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.11.2019-ലെ A2/199/19-ാം നമ്പർ കത്തും (SRG 1002/19/ CC 770/19)**

പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണിക്ക് വാഹനം വാങ്ങാനും തൊഴിലാളികൾക്ക് വേതനം നൽകാനും ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് പ്രോജക്ട് ഉൾപ്പെടുത്തുന്നതിന് ജില്ലാ ആസൂത്രണസമിതി പ്രാഥമികാനുമതി നിരസിച്ചു. ഈ പ്രോജക്ട് ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.29 മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.11.2019-ലെ കത്തും 06.11.2019-ലെ A2/199/19-ാം നമ്പർ കത്തും (SRG 1003/19 - CC/769/2019)**

സ്കൂൾ കുട്ടികൾക്ക് സ്റ്റീൽ ടിഫിൻ ബോക്സും വാട്ടർ ബോട്ടിലും വാങ്ങി നൽകുന്നതിന് അധിക പ്രോജക്ട് ഉൾപ്പെടുത്തുന്നതിന് ജില്ലാ ആസൂത്രണസമിതി പ്രാഥമികാനുമതി നിരസിച്ചു. പ്രത്യേക അനുമതി സംബന്ധിച്ച് .

**തീരുമാനം:-** ആദ്യം പട്ടികജാതി, പട്ടികവർഗ്ഗ കുടുംബത്തിലുള്ളവർക്കും, പിന്നീട് ബി.പി.എൽ വിഭാഗക്കാർക്കും ഇവ നൽകണമെന്ന നിബന്ധന പാലിക്കണം. ഒരു വിദ്യാർത്ഥിക്ക് ഒന്നിലധികം പ്രാവശ്യം സഹായം നൽകാവുന്നതല്ല. പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.30 ഇടുക്കി ജില്ലാ പഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.11.2019-ലെ കത്തും 25.10.2019-ലെ 18(1)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 1004/19 - CC/815/2019)**

***പ്രോ.നം.22/20*** ***അടങ്കൽ 1,00,00,000 /- രൂപ (വികസനഫണ്ട്)***

***പേര്:- ക്ഷീര കർഷകർക്ക് പാൽ ഉല്പാദനത്തിന് ഇൻസെന്റീവ്***

മിൽമ ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്നവർക്ക് പാലിനു സബ്സിഡി നൽകുന്നതുപോലെ ജീവ, പി.ഡി.എസ്. തുടങ്ങിയ സംഘങ്ങളിൽ പാൽ നൽകുന്നവർക്കും സബ്സിഡി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.31 മലപ്പുറം ജില്ലാ പഞ്ചായത്ത്

**തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 02.12.2019, 20.01.2020 എന്നീ തീയതികളിലേക്ക് DB 2 - 753/2013/CE തസ്വഭവ കത്തുകൾ (2 എണ്ണം) (SRG105/19)**

(i) മലപ്പുറം ജില്ലയിൽ ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിലുള്ള 6 മീറ്റർ വീതിയിൽ കൂടുതലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന് ജില്ലാ പഞ്ചായത്തിന്റെ മെയിന്റനൻസ് ഗ്രാന്റടക്കമുള്ള വിഹിതം ഉപയോഗിച്ച് റിപ്പയർ ചെയ്യാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകൾ മുഴുവനും ആവശ്യമായ അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ടെന്ന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. കൂടാതെ ഇങ്ങനെ റോഡുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ സമ്മത പത്രം വാങ്ങണം

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

(ii) ഇതേ രീതിയിൽ 2017-18-ൽ 273 റോഡുകളുടെ പുനരുദ്ധാരണം നടത്തി. ഇതിനായി 19,11,32,479 രൂപ ചെലവഴിച്ചു. ഈ ചെലവ് ഓഡിറ്റ് വകുപ്പ് തടസ്സം ചെയ്തിരിക്കുകയാണ്. ഇതിന് സാധൂകരണം സംബന്ധിച്ച്

**തീരുമാനം:-** ആവശ്യം പരിഗണിച്ചില്ല. തുടർ നടപടി കൾക്കായി വകുപ്പുതലത്തിൽ നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.32 വി.ഇ.ഒ മാർക്ക് ലാപ് ടോപ് വാങ്ങൽ

**ഗ്രാമവികസന കമ്മീഷണറുടെ 14.01.2020 -ലെ DP/5554/19/CRD നമ്പർ കത്ത് ( SRG 104/20**

വി.ഇ.ഒ.മാർ ഓരോ വർഷവും ഏകദേശം 1.00 കോടി രൂപയോളമുള്ള പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരാണ്. ഇവർക്ക് ക്ലറിക്കൽ ജോലി ചെയ്യാൻ കമ്പ്യൂട്ടർ അടക്കം പ്രത്യേക സൗകര്യമില്ല. അതിനാൽ എല്ലാ വി.ഇ.ഒ മാർക്കും ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടോ വികസനഫണ്ടോ ഉപയോഗിച്ച് ഒരു മിഡ് ലെവൽ സ്പെസിഫിക്കേഷനുള്ള (Windows Soft Ware) laptop വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** പിന്നീട് പരിഗണിക്കാൻ മാറ്റി വച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.33പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.11.2019-ലെ കത്തും പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23.10.2019-ലെ കുറിപ്പും (SRG 1062/19 - CC / 727/19)**

***പ്രോ.നം. 120/19*** ***അടങ്കൽ 1,50,000/- രൂപ***

***(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്)***

***പേര്:- അംഗൻവാടി കെട്ടിട മെയിന്റനൻസ് - വാർഡ് 8***

2018-19-ലെ പദ്ധതിയിൽ അംഗൻവാടി കെട്ടിട മെയിന്റനൻസ് ( വാർഡ് 8) എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ പണി മാർച്ച് മാസം

പൂർത്തീകരിച്ചിരുന്നുവെങ്കിലും തുക നൽകിയില്ല. ഈ വർഷത്തേയ്ക്ക് ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടില്ല. ഈ വർഷത്തെ പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** അനുമതി നൽകുന്നു. ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

## 4.34 ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.11.2019-ലെ കത്തും പഞ്ചായത്ത് പ്രസിഡന്റിന്റെ 06.11.2019-ലെ കത്തും (SRG 1064/19 - CC / 835/19)**

*പ്രോ.നം. 35/20* *അടങ്കൽ 8,00,000/- രൂപ (വികസനഫണ്ട് )*

***പേര്:- കിഡ്നി ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായം***

കിഡ്നി ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായം നൽകുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകി. മാർഗ്ഗരേഖയിൽ ഇത് ഇല്ലാത്തതിനാൽ പ്രത്യേക അനുമതി സംബന്ധിച്ച്. രോഗികൾക്ക് നേരിട്ടോ ഡയാലിസിസ് ചെയ്യുന്ന ആശുപത്രി മുഖേനയോ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിക്കുന്ന നിരക്കിൽ ധനസഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്.

**തീരുമാനം:-** ഗ്രാമപഞ്ചായത്തുകൾ ഇതിനായി പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ തുക നൽകാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകൾ നേരിട്ടു പ്രോജക്ടുകൾ നടപ്പാക്കേണ്ടതില്ലെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.35 തലയാഴം ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.11.2019-ലെ കത്തും തലയാഴം ഗ്രാമപഞ്ചായത്തിന്റെ 05.08.2019-ലെ 1/1(5)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 961/19 - CC / 754/19)**

*പ്രോ.നം. 112/20* *അടങ്കൽ 7,50,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )*

***പേര്:- വ്യക്തിഗത കക്കൂസ് നിർമ്മാണം***

പഞ്ചായത്തിൽ കൂടുതലും ഒറ്റക്കുഴി കക്കൂസ് ആണ്. കഴിഞ്ഞ പ്രളയത്തിൽ ഇവയിൽ പലതും ഉപയോഗ ശൂന്യമായി. ഇത് മെയിന്റനൻസ് നടത്താവുന്ന

സ്ഥിതിയിലല്ലാത്തതിനാൽ പുതിയ കക്കൂസ് നിർമ്മിച്ച് നൽകുവാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു. ഇതിനാവശ്യമായ തുക ശുചിത്വ മിഷനിൽ നിന്നു നൽകാമെന്ന് ശിചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു. ശുചിത്വ മിഷനിൽ നിന്ന് തുക നേടിയെടുക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.36 ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

**ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡിന്റിന്റെ 08.01.2020 ല-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗ തീരുമാനവും (ഖണ്ഡിക 4.9) പഞ്ചായത്ത് ഡയറക്ടറുടെ 23.10.2019-ലെ J1 -20909/19-ാം നമ്പർ കത്തും (SRG 53/20)**

2018-19ൽ ചെറുന്നിയൂർ കാർഷിക കർമ്മസേന സംഘത്തിന് മൊബൈൽ വിപണി എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് 5.50 ലക്ഷം രൂപ ഉപയോഗിച്ച് ഒരു പിക് അപ് വാൻ വാങ്ങിയിരുന്നു. ഗ്രാമപഞ്ചായത്ത് വിഹിതം 50,000/- രൂപ കൂടാതെ ബ്ലോക്ക് വിഹിതം 2,50,000/- രൂപയും സംസ്ഥാനാവിഷ്കൃത ഫണ്ട് 2,00,000/- രൂപയും ഉണ്ട്. വാഹനം വാങ്ങുന്നതിന് സർക്കാർ അനുമതി വാങ്ങണമെന്ന് ഉത്തരവുണ്ടായിരുന്നുവെങ്കിലും ലോകസഭാ തെരഞ്ഞെടുപ്പ സമയമായതിനാൽ അനുമതി വാങ്ങിയിരുന്നില്ല. ഇതിന് സാധൂകരണം സംബന്ധിച്ച്.

**തീരുമാനം:-** കാർഷിക കർമ്മസേനയുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഉല്പന്നങ്ങൾ മാർക്കറ്റ് ചെയ്യുന്നതിനാണ് പിക് വാൻ വാങ്ങിയിരിക്കുന്നത് എന്നതിനാൽ സാധൂകരണം നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.37ആറ്റിങ്ങൽ മുനിസിപ്പാലിറ്റി

**ആറ്റിങ്ങൽ മുനിസിപ്പൽ ചെയർമാന്റെ 23.12.2019-ലെ കത്ത് (SRG 52/2020)**

വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായി വികസനത്തിന് സഹായകമായതും ശാസ്ത്രീയമായി വികസിപ്പിച്ചിട്ടുള്ളതുമായ ഫിസിക്കൽ എഡ്യൂക്കേഷൻ പദ്ധതി ആറ്റിങ്ങൽ നഗരസഭയുടെ നേതൃത്വത്തിൽ നഗരസഭാ പരിധിയിലുള്ള പ്രൈമറി സ്കൂളുകളിൽ നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി പരിശീലകർക്കും കൺസൾട്ടന്റിനും ഓണറേറിയം നൽകുന്നതിനും ഒരു കമ്പ്യൂട്ടർ വാങ്ങുവാനും അനുമതി സംബന്ധിച്ച്.

**തീരുമാനം:-** പരിശീലകന് പ്രതിമാസം 15,000/- രൂപയും കൺസൾട്ടന്റിന് പ്രതിമാസം 25,000/- രൂപയും വീതം തനത് ഫണ്ടിൽ നിന്ന് ഒരു

വർഷത്തേയ്ക്ക് ഓണറേറിയം നൽകാൻ അനുമതി നൽകുന്നു. നഗരസഭയിൽ നടപ്പാക്കുന്ന ഫിസിക്കൽ എജ്യൂക്കേഷൻ പദ്ധതി.മുനിസിപ്പൽ തലത്തിൽ അവലോകനം ചെയ്യണം

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

## 4.38 ഇടുക്കി ജില്ലാ പഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.12.2019-ലെ കത്ത് (SRG 1088/19 - CC / 925/19)**

***പ്രോ.നം. 1490/20*** ***അടങ്കൽ 12,00,000/- രൂപ***

***(വികസനഫണ്ട്)***

***പേര്:- കാമാക്ഷി ഗ്രാമപഞ്ചായത്തിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ***

കാമാക്ഷി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കാൻ KSEBക്ക് തുക ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.39 മണീട് ഗ്രാമ പഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.11.2019-ലെ കത്ത് (SRG 1008/19 CC /820/19)**

***പ്രോ.നം. 34/20*** ***അടങ്കൽ 60,000/- രൂപ (എസ്.സി.പി)***

***പേര്:- ഈറ്റ വിതരണം വനിത***

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഈറ്റ നെയ്ത്ത് തൊഴിലാളികൾക്ക് 5000/- രൂപയിൽ താഴെ വിലവരുന്ന രീതിയിൽ ബാംബൂ കോർപ്പറേഷനിൽ നിന്ന് ഈറ്റ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിലുണ്ട്. മാർഗ്ഗരേഖ പ്രകാരം നൽകാവുന്ന സബ്സിഡി 75 ശതമാനമാണ്. ദരിദ്ര വിഭാഗത്തിൽപ്പെട്ട വരായതിനാൽ 100 ശതമാനം സബ്സിഡി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഈ വർഷത്തയ്ക്ക് മാത്രമായി അനുമതി നൽകുന്നു. അടുത്ത വർഷം ഇവരെ ഉൾപ്പെടുത്തി ഗ്രൂപ്പുകൾ രൂപീകരിച്ച് റിവോൾവിംഗ് ഫണ്ട് നൽകുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.40 ബഹു. പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രിയുടെ 31.12.2019-ലെ 495/2019/ M/EDN നമ്പർ കത്ത് ( SRG 69/20)

**വിദ്യാഭ്യാസം**

താഴെപ്പറയുന്ന വിഷയങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഉണ്ടാകണമെന്ന് ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ മന്ത്രിയുടെ കുറിപ്പ് യോഗം ചർച്ച് ചെയ്തു.

1. 2020 ജനുവരി മുതൽ ''ലഹരി മുക്ത കാമ്പസ്'' എന്ന ആശയം നടപ്പിലാക്കാൻ തുടങ്ങുകയാണ്. ജനകീയ സമിതികൾ ഓരോ കാമ്പസിലും നിലവിൽ വരുന്നുണ്ട്. ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ
2. ''പഠനോത്സവങ്ങൾ'' നാടിന്റെ അക്കാദമിക് ഉത്സവങ്ങളാക്കി മാറ്റുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ
3. അദ്ധ്യാപകരേയും പി.ടി.എയേയും കൂടി സഹകരിപ്പിച്ച് ഗൃഹ സന്ദർശനം നടത്തുന്നതിനാവശ്യമായ സഹായം
4. തദ്ദേശസ്വയം ഭരണ വകുപ്പിന്റേയും സഹകരണ വകുപ്പിന്റേയും സഹായത്തോടെ ഓരോ കാമ്പസും ശുചിത്വ സുരക്ഷിത കാമ്പസുകളാക്കി മാറ്റുന്നതിന് ഇടപെടൽ
5. അടുത്ത വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ പൊതു വിദ്യാലയങ്ങളുടെ ആവശ്യങ്ങൾക്കു കൂടി പ്രോജക്ടുകൾ ഉൾക്കൊള്ളിക്കണം
6. 'വൃത്തിയുള്ള ശുചിമുറി' എന്ന പദ്ധതിക്ക് വിദ്യാഭ്യാസ വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഇതോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകളും ചേർത്ത് പദ്ധതി ലക്ഷ്യം 2020 ജൂൺ 1-ന് മുമ്പ് കൈവരിക്കത്തക്ക രീതിയിൽ ഇടപെടൽ

മുകളിൽ പറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതിന് ജനപ്രതിനിധികളുടേയും പി.ടി.എ പ്രസിഡന്റുമാരുടേയും വിദ്യാലയ മേധാവികളുടേയും ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ച് ചേർക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. 2020 പൊതു വിദ്യാഭ്യാസ രംഗത്തെ സുവർണ്ണ വർഷമാക്കി മാറ്റുവാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സഹായിക്കണം.

**തീരുമാനം:-** ഇവ വിദ്യാഭ്യാസ മേഖലയ്ക്ക് ഏറെ ഗുണം ചെയ്യുമെന്ന് യോഗം വിലയിരുത്തി. ഇതിന്മേൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിക്കേണ്ടതാണ്. ആവശ്യമായ നിർദ്ദേശം നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.41 ആതിരപ്പള്ളി ഗ്രാമ പഞ്ചായത്ത്

**തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.01.20-ലെ DB3/753/292/CE/LSGD (SRG 70/20)**

വനമേഖലയിൽ ഉൾപ്പെടുന്നതും 14 പട്ടികവർഗ്ഗ കോളനികൾ ഉൾപ്പെടുന്നതുമായ ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾക്ക് സാധനസാമഗ്രികൾ കൊണ്ടു വരുന്നത് കൊടകര ബ്ലോക്കിൽ നിന്നോ ഏറണാകുളം ജില്ലയിൽ നിന്നോ ആണ്. ഇതിന് യാത്രാ ദൂരം 35 മുതൽ 70 കിലോ മീറ്റർ വരെയുണ്ട്. തൃശ്ശൂർ ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ള കോസ്റ്റ് ഇൻഡക്സ് 31.06 ശതമാനമാണ്. അതിനാൽ ഈ പഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനം നടത്താൻ കരാറുകാർ തയ്യാറാകുന്നില്ല. ഈ സാഹചര്യത്തിൽ എറണാകുളം ജില്ലയിൽ ഉൾപ്പെടുന്ന സമീപ ഗ്രാമപഞ്ചായത്തായ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ള 39.89 ശതമാനം കോസ്റ്റ് ഇൻഡക്സ് ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിനും അനുവദിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.42 മൺറോ തുരുത്ത് ഗ്രാമ പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.12.2019-ലെ കത്തും മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (SRG 1092/19 CC /545/19)**

മൺറോ തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം 5.00 ലക്ഷം രൂപ അടങ്കലുള്ള പ്രോജക്ടുകളാണ് ബ്ലോക്കു പഞ്ചായത്തുകൾക്ക് എടുക്കാവുന്നത്. ബ്ലോക്ക് വിഹിതം 5.00 ലക്ഷം രൂപയിൽ കുറവായതിനാൽ പ്രത്യേക അനുമതി സംബന്ധിച്ച്.

| പ്രോ.നം | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|
| 67/20 | പെരുങ്ങാലം വള്ളക്കടവ് റോഡ് കോൺക്രീറ്റിംഗ് | 4,17,000/- രൂപ<br>(ഗ്രാമപഞ്ചായത്ത് വിഹിതം വികസനഫണ്ട് 1,00,000/- രൂപ<br>ബ്ലോക്ക് വിഹിതം 3,17,000/- രൂപ) |
| 68/20 | തെക്കേ നെന്മേനി കൊന്നയിൽ കലുങ്ക് അശ്വതി ഭവനം റോഡ് | 4,67,000/- രൂപ<br>(ഗ്രാമപഞ്ചായത്ത് വിഹിതം വികസനഫണ്ട് 1,50,000/- രുപ<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം 3,17,000/- രൂപ) |
| 135/20 | മാതിരംപള്ളി പൂളയിൽ റോഡ് കോൺക്രീറ്റിംഗ് | 6,00,000/- രൂപ<br>(ഗ്രാമപഞ്ചായത്ത് വിഹിതം വികസനഫണ്ട് 2,50,000/- രൂപ<br>ബ്ലോക്ക് വിഹിതം - 3,50,000/- രൂപ) |

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.43 ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.07.2019-ലെ കത്തും (SRG 699/19 CC /458/19) ഗ്രാമവികസന കമ്മീഷണറുടെ 05.12.2019-ലെ DP4/8695/CRD(1) - ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2019, 24.10.2019 തീയതികളിലെ തീരുമാനങ്ങളും**

***പ്രോ.നം. 52/20*** ***അടങ്കൽ 11,00,000/- രൂപ (വികസന ഫണ്ട്)***

***പേര്:- കടുവിനാൽ സമൃദ്ധി കാർഷിക വിപണിക്ക് കെട്ടിടം***

വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ കടുവിനാൽ സമൃദ്ധി കാർഷിക വിപണികെട്ടിടം പണിയാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. 1951-ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതാണ് സമൃദ്ധി കാർഷിക വിപണി

ഇതിന്റെ അനുമതി സംബന്ധിച്ച് 26.09.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചുവെങ്കിലും സ്ഥാപനത്തിന്റെ ബൈലോയും കഴിഞ്ഞ 3 വർഷത്തെ

ഓഡിറ്റ് റിപ്പോർട്ടും ഗ്രാമവികസന കമ്മീഷണർ മുഖേന നൽകാൻ യോഗം നിർദ്ദേശിച്ചിരുന്നു. ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട് ആണ് ആദ്യം നൽകിയതെങ്കിലും ചാർട്ടേഡ് അക്കൗണ്ടന്റ് പരിശോധിച്ച റിപ്പോർട്ട് ഗ്രാമവികസന കമ്മീഷണർ മുഖേന നൽകാൻ 24.10.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചു. ഇതു പ്രകാരം ചാർട്ടേഡ് അക്കൗണ്ടന്റ് പരിശോധിച്ച റിപ്പോർട്ട് ഗ്രാമവികസന കമ്മീഷണർ മുഖേന നൽകിയിരിക്കുന്നു. അനുമതി സംബന്ധിച്ച്

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.44 കോട്ടൂർ ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.06.2019-ലെ കത്ത് (SRG 578/19 CC /375/19)**

*പ്രോ.നം. 160/20* *അടങ്കൽ 5,00,000/- രൂപ*

*(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )*

***പേര്:- പുതിയോട്ട് മുക്ക് - കാരിപാറ റോഡ്***

സ്പിൽ ഓവർ പ്രോജക്ടായ പുതിയോട്ടുമുക്ക് - കാരിപാറ റോഡ് നിർമ്മാണം നടത്തേണ്ടത് ഇറിഗേഷൻ വകുപ്പ് സ്ഥലത്താണ്. എസ്റ്റിമേറ്റ് ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി നൽകിയിട്ടുണ്ട്. അതുപ്രകാരം ഇറിഗേഷൻ വകുപ്പിനു തുക ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ധന വകുപ്പിന്റെ അനുമതി വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.45 കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.11.2019-ലെ കത്ത് (SRG 1224/19 CC /704/19)**

*പ്രോ.നം. 268/20* *അടങ്കൽ 4,63,744/- രൂപ*

*(വികസനഫണ്ട് )*

***പേര്:-ലബ്ബക്കട കുടുംബാരോഗ്യ കേന്ദ്രത്തിലെ കിടപ്പുരോഗികൾക്ക് ഭക്ഷണ വിതരണം.***

ലബ്ബക്കട കുടുംബാരോഗ്യ കേന്ദ്രത്തിലെ കിടപ്പ രോഗികൾക്ക് ഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിട്ടുണ്ട്. ബി.പി.എൽ കുടുംബത്തോടൊപ്പം എ.പി.എൽ കുടുംബത്തിനും രോഗികളുടെ കൂടെയുള്ളവർക്കും ഭക്ഷണം വിതരണം ചെയ്യാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു. മാർഗ്ഗരേഖ പ്രകാരം നിർദ്ധനരായ രോഗികൾക്ക് കുടുംബശ്രീ മുഖേന ഭക്ഷണം നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.46 കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്

**കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 10.01.2020-ലെ കത്ത് (SRG 73/20)**

മാർഗ്ഗരേഖ പ്രകാരം ഖാദി ഗ്രാമ വ്യവസായ കമ്മീഷനും (KVIC) ഖാദി ഗ്രാമ വ്യവസായ ബോർഡും (KVIB) നടത്തുന്ന ഉല്പാദന യൂണിറ്റുകൾക്കും അവയുടെ സ്വന്തം സ്ഥലത്ത് പച്ചക്കറി ഉൾപ്പെടെയുള്ള പ്രാദേശിക ഉല്പന്നങ്ങളുടേയും സംയുക്ത വിപണനശാലകൾ നിർമ്മിക്കുന്നതിനും അതിന്റെ ഉല്പാദന യൂണിറ്റുകൾക്കാവശ്യമായ തറിയും മറ്റ് ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് വകയിരുത്താവുന്നതാണ്. വിലയുടെ /നിർമ്മാണ ചെലവിന്റെ 80 ശതമാനമാണ് സബ്സിഡി നൽകാവുന്നത്.

ഇതിൽ താഴെപ്പറയുന്ന കൂട്ടിച്ചേർക്കലുകൾ നടത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റേയും കേരള ഖാദി വ്യവസായ ബോർഡിന്റേയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനും അവരുടെ സ്വന്തം സ്ഥലത്തോ മറ്റ് ഏജൻസികൾ വിട്ടു നൽകുന്ന സ്ഥലത്തോ ഖാദി ഗ്രാമ വ്യവസായ ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും കെട്ടിടം നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചർക്കകളും തറികളും മറ്റ് ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും പരിശീലനത്തിനും തുക വകയിരുത്തി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് തയ്യാറാക്കാൻ അനുമതി അവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ ഇതിന് 100 ശതമാനം സബ്സിഡി നൽകാനും അനുമതി സംബന്ധിച്ച്

**തീരുമാനം:-** പിന്നീട് പരിഗണിക്കാൻ മാറ്റി വച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.47 റാന്നി ബ്ലോക്ക് പഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.12.2019-ലെ കത്തും റാന്നി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 26.11.2019-ലെ A3-3219/19 -ാം നമ്പർ കത്തും ( SRG 1110/19)**

***പ്രോ.നം. 111/20*** ***അടങ്കൽ 10,00,000/- രൂപ (വികസനഫണ്ട് )***

***പേര്:- വയോജന ക്ലബുകൾ***

റാന്നി ബ്ലോക്കിലെ 9 ഗ്രാമ പഞ്ചായത്തുകളിലെ അങ്കണവാടികളിൽ മാസത്തിൽ രണ്ടു തവണ വീതം വയോജന ക്ലബുകൾ കൂടുന്നുണ്ട്. ഇങ്ങനെ വയേജനക്ലബുകൾ കൂടുമ്പോൾ വയോജനങ്ങൾക്ക് പോഷകാഹാരമെന്ന നിലയിൽ ലഘു ഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ട് ഈ വർഷം എടുത്തിട്ടുണ്ട്. ഇതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം 2018-19 ൽ ഈ ഇനത്തിന് 7,79,349/- രൂപ ചെലവു ചെയ്തു. അതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-**

1) ഈ വർഷത്തേയ്ക്ക് പ്രത്യേക അനുമതി നൽകുന്നു.
2) കഴിഞ്ഞ വർഷം ഈ പ്രോജക്ട്

നടപ്പാക്കിയതു സംബന്ധിച്ച് ഓഡിറ്റ് കുറിപ്പ് ഉള്ളതിനാൽ, സാധൂകരണം പരിഗണിച്ചില്ല. വകുപ്പുതല തീരുമാനത്തിന് നൽകാൻ നിർദ്ദേശിക്കുന്നു

**നടപടി :- തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ്**

## 4.48 കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

**സാക്ഷരതാ മിഷൻ ഡയറക്ടറുടെ 19.11.2019-ലെ P3/7210/17/ കേ.സാ.മി.അ. ഡയറക്ടറുടെ കത്ത് ( SRG 106/20)**

അട്ടപ്പാടി സമ്പൂർണ്ണ ആദിവാസി സാക്ഷരതാ പദ്ധതി, വയനാട് സമ്പൂർണ്ണ ആദിവാസി സാക്ഷരതാ പദ്ധതി എന്നിവ സാക്ഷരതാ മിഷൻ നടപ്പാക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം ആദിവാസി ഊരുകളെ സമ്പൂർണ്ണ സാക്ഷരതയിൽ എത്തിക്കുന്നതിന് സാക്ഷരതാ മിഷൻ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വില , മറ്റ് പഠനോപകരണങ്ങൾ, ഇൻസ്ട്രക്ടർക്ക് ഓണറേറിയം, വിവിധ പരിശീലനങ്ങൾ, മോണിട്ടറിംഗ്, പഠിതാക്കൾക്ക് ലഘു ഭക്ഷണം, ശില്പശാലകൾ, ക്ലാസ് ഒരുക്കൽ, പഠിതാക്കളുടെ സംഗമം, പരീക്ഷ എന്നിവയ്ക്ക് പ്രോജക്ട് തയ്യാറാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** അട്ടപ്പാടി ബ്ലോക്ക്, വയനാട് ജില്ല എന്നിവിടങ്ങളിൽ സാക്ഷരതാ മിഷൻ നടപ്പിലാക്കുന്ന സമ്പൂർണ്ണ ആദിവാസി സാക്ഷരതാ കാമ്പയിനുവേണ്ടി നിലവിലെ ആസൂത്രണ മാർഗ്ഗരേഖ പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കാൻ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.49 പാമ്പാക്കുട ഗ്രാമപഞ്ചായത്ത്

**പാമ്പാക്കുട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് 01.01.2019 -ലെ 1(8)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 107/20)**

പഞ്ചായത്തിലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന KL- 17B - 8712 ഒമ് നി വാൻ 2005 മോഡലാണ്. ഇതു വളരെ പഴയതായതിനാൽ പഞ്ചായത്തിന് 2017-18-ൽ ജില്ലയിലെ മികച്ച പഞ്ചായത്ത് എന്ന നിലയിൽ ലഭിച്ച 5.00 ലക്ഷം രൂപ ഉപയോഗിച്ച് പുതിയ വാഹനം വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു. പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് നൽകണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.50 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

### KGPA അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 21.01.2020 -ലെ കത്ത് (SRG.77/2020)

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയ 212.50 കോടി രൂപ പ്രധാനമായും ജീവനോപാധികൾക്കാണ് ഉപയോഗിക്കേണ്ടത്. ജീവനോപാധികൾ ചിലതിനൊക്കെ മാർഗ്ഗരേഖ പ്രകാരം യൂണിറ്റ് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പ്രാദേശിക സ്ഥിതിക്ക് അനുസൃതമായ ജീവനോപാധികൾക്ക് പ്രോജക്ട് തയ്യാറാക്കുമ്പോൾ പല ഇനങ്ങൾക്കും യൂണിറ്റ് നിരക്ക് മാർഗ്ഗരേഖയിൽ ഇല്ല. അതിനാൽ പ്രോജക്ട് തയ്യാറാക്കി വെറ്റ് ചെയ്ത് ജില്ലാ ആസൂത്രണ സമിതിക്ക് നൽകാൻ കഴിയുന്നില്ല. ഇത് പരിഹരിക്കാൻ നടപടിയെടുക്കണമെന്നത് സംബന്ധിച്ച്.

**തീരുമാനം:-** സാമ്പത്തിക വർഷം അവസാനിക്കാറായ ഈ ഘട്ടത്തിൽ ഓരോന്നിനും സർക്കാർ തലത്തിൽ യൂണിറ്റ് നിരക്ക് നിശ്ചയിച്ച് നൽകുന്നതിന് കാലതാമസം നേരിടും എന്നതിനാൽ താഴെപ്പറയുന്ന ക്രമീകരണം ഈ സാമ്പത്തിക വർഷത്തേയ്ക്ക് മാത്രമായി നടത്താൻ യോഗം തീരുമാനിച്ചു.

പ്രളയത്തിൽ നഷ്ടപ്പെട്ട ജീവനോപാധികളോ അതിനു പകരമായി മറ്റു തൊഴിൽ ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ/ മെഷീനറികൾ തുടങ്ങിയവ വാങ്ങുന്നതിനോ ധനസഹായം നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ അവ നൽകാവുന്നതാണ്. ഇതിനായി താൽക്കാലിക ക്രമീകരണം എന്ന നിലയിൽ ആസൂത്രണ മാർഗ്ഗരേഖ പ്രകാരമുള്ള നൂതന പ്രോജക്ടുകൾ തയ്യാറാക്കുന്ന രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്. നൂതന പ്രോജക്ടിന് അംഗീകാരം നൽകുന്നതിനുള്ള ജില്ലാതല കമ്മിറ്റി ഇവ പരിശോധിച്ച് ഇതിന്മേൽ തീരുമാനമെടുക്കുന്നതിന് അനുമതി നൽകുന്നു. ഇതിന്റെ യൂണിറ്റ് നിരക്കും പരമാവധി നൽകാവുന്ന സബ്സിഡി നിരക്കും ജില്ലാതല നൂതന പ്രോജക്ടുകൾക്കുള്ള കമ്മിറ്റിക്ക് തീരുമാനിക്കാവുന്നതാണ്. എന്നാൽ സാമാന്യ രീതിക്ക് അപ്പുറമുള്ള ധനസഹായം നൽകുന്നതിന് അനുമതി പരിഗണിക്കാവുന്നതല്ല. കൂടാതെ ചില ജീവനോപാധികൾ നൽകാവുന്നതല്ല എന്ന് മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുണ്ടെങ്കിലും (ഉദാ. തയ്യൽ മെഷീൻ) ഇത്തരം ഉപകരണങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അവ പുനഃസ്ഥാപിക്കുന്നതിനും പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്.

ഇത് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. ഒപ്പം ഇതിനാവശ്യ മായ തുടർ ക്രമീകരണങ്ങൾ കാലതാമസം കൂടാതെ ജില്ലാ കളക്ടറും ജില്ലാ പ്ലാനിംഗ് ഓഫീസറും ചെയ്യേണ്ടതാണ്. ഇത് പ്രത്യേക

കുറിപ്പോടെ നാളെ തന്നെ എല്ലാ തദ്ദേശഭരണ സ്ഥാപന ങ്ങളേയും അറിയിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.51 പിറവം മുനിസിപ്പാലിറ്റി

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.01.2020 -ലെ കത്തും പിറവം മുനിസിപ്പൽ ചെയർമാന്റെ 05.01.20-ലെ കത്തും പിറവം മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ 14.01.20-ലെ കുറിപ്പും ( SRG 50/20,72/20 CC 8/20)**

2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിമറ്റത്തിൽപ്പടി ഫാം റോഡ് എന്ന പ്രവൃത്തി ഏറ്റെടുത്തിരുന്നു. അടങ്കൽ 15,00,000/- രൂപ ( വികസനഫണ്ട് 9,95,000/- രൂപയും തനത് ഫണ്ട് 5,05,000/- രൂപയും) ഇത് ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നടപ്പാക്കാനാണ് തീരുമാനിച്ചിരുന്നത്. എസ്റ്റിമേറ്റ് പ്രകാരം 113 മീറ്റർ സ്ഥലത്ത് റീട്ടെയനിംഗ് വാൾ നിർമ്മിക്കാനും 400 മീറ്റർ നീളത്തിൽ മണ്ണിട്ട് റോഡ് നിർമ്മിക്കാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ പ്രവൃത്തി നടപ്പാക്കുന്ന വേളയിൽ സൈറ്റ് കണ്ടീഷന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്ഥമായി പ്രവൃത്തി ചെയ്തു. പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റിന് അനുമതി വാങ്ങാതെ പ്രവൃത്തി നടപ്പാക്കി. ടേപ് മെഷർമെന്റ് പ്രകാരം കരാറുകാരന് പാർട്ട് ബിൽ തുകയായി 7,87,238/- രൂപ നൽകി. കരാറുകാരനുമായി എഗ്രിമെന്റ് പുതുക്കിയിരുന്നില്ല. ബാക്കി തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ഇതു വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി :-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

## 4.52 കുടുംബശ്രീ

**കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.01.2020-ലെ കുറിപ്പ് ( SRG106/20)**

കുടുംബശ്രീയുടെ കീഴിൽ 14 ജില്ലകളിലും സ്നേഹിത സെന്റർ പ്രവർത്തിക്കുന്നു. സ്നേഹിത സെന്റർ മുഖേന വൈദ്യസഹായം, പോലീസ് സ്റ്റേഷൻ, കോടതി, ചൈൽഡ് വെൽഫയർ കമ്മിറ്റി എന്നിവിടങ്ങളിൽ ആവശ്യമായ സന്ദർഭങ്ങളിൽ 'സ്നേഹിത' ഗുണഭോക്താക്കളെ എത്തിക്കുന്നു. ഇതടക്കം മറ്റു സേവനങ്ങളും ചെയ്യുന്നു. ഈ ആവശ്യങ്ങൾക്ക് നിലവിൽ വാഹനം വാടകയ്ക്കാണ് എടുക്കുന്നത്

കാസർഗോഡ് ജില്ലയിലെ സ്നേഹിത സെന്ററിന്റെ പ്രവർത്തനത്തിന് കാഞ്ഞങ്ങാട് റോട്ടറി ക്ലബ് ഒരു കാർ നൽകിയിട്ടുണ്ട്. ഈ വാഹനത്തിന്റെ ഡ്രൈവറുടെ വേതനം, ഇന്ധന ചെലവ് അടക്കം പ്രതിമാസം 43,000/- രൂപ ചെലവു വരും. ഇൻഷുറൻസ് 6000/- രൂപ ഒരു വർഷത്തേക്ക് 5,22,450/- രൂപ.

ഈ ചെലവ് കാഞ്ഞങ്ങാട് നഗരസഭ വഹിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് ഇതിനുള്ള ചെലവ് വഹിക്കാൻ നഗരസഭയ്ക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ഇതിനായി തനത്ഫണ്ട് ഉപയോഗിക്കാൻ കാഞ്ഞങ്ങാട് നഗരസഭയ്ക്ക് അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.53 വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2020-ലെ കത്തും വണ്ണപ്പുറം ഗ്രാമപഞ്ചായത്തിന്റെ 10.12.2019-ലെ 4(1)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 74/20 CC /54/20)**

***പ്രോ.നം. 256/20*** ***അടങ്കൽ 02,07,875/- രൂപ (TSP)***

***പേര്:- എസ്.റ്റി. വിദ്യാർത്ഥികൾക്ക് പഠന പാക്കേജ്***

മദ്യം, മയക്കു മരുന്ന് തുടങ്ങിയ ദുശ്ശീലങ്ങൾക്ക് എതിരെയും കുടുംബത്തിൽ കുട്ടികൾക്ക് പഠിക്കുന്നതിനു വേണ്ട സാഹചര്യം സൃഷ്ടിക്കുക തുടങ്ങിയ കാര്യങ്ങൾക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണം നടത്താനും പട്ടയക്കുടി പട്ടികവർഗ്ഗ കോളനികളിലെ 1 മുതൽ ബിരുദം വരെ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും ട്യൂഷൻ, ഭക്ഷണം എന്നിവ നൽകാനുമാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇത് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു. എന്നാൽ ബോധവൽക്കരണം പോലുള്ള ഘടകങ്ങൾ കേരള സർക്കാരിന്റെ 'വിമുക്തി മിഷനുമായി ചേർന്നു നടപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.54 തിരുവനന്തപുരം കോർപ്പറേഷൻ

**തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 18.06.2018-ലെ J8/60413/2018-ാം നമ്പർ കത്ത് ( SRG 54/20 - LSGD M1/185/2019-LSGD)**

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വനിതാ ഹെൽപ് ഡെസ്ക് പ്രോജക്ടുമായി ബന്ധപ്പെട്ട് രണ്ട് ജീവനക്കാർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. 2017-18 കാലയളവിൽ ജീവനക്കാർക്ക് ഓണറേറിയമായി പ്ലാൻ ഫണ്ടിൽ നിന്നും 2,21,893/ രൂപ നൽകിയിരുന്നു. ഇതിന് ഓഡിറ്റ് പരാമർശമുണ്ട്. 2018-19-ൽ ഇവർക്ക് തനത് ഫണ്ടിൽ നിന്ന് ഓണറേറിയം നൽകി.

ഓഡിറ്റ് പരാമർശം ഒഴിവാക്കാനും തുടർന്നും വനിതാ ഹെൽപ് ഡെസ്ക് ജീവനക്കാർക്ക് വികസന ഫണ്ടിൽ നിന്ന് ഓണറേറിയം നൽകാനും അനുമതി സംബന്ധിച്ച്

**തീരുമാനം:-** 1) ഓഡിറ്റ് കുറിപ്പിന്മേൽ തുടർ നടപടിക്കായി വകുപ്പുതലത്തിൽ നൽകണം.
2) തുടർന്ന് ഓണറേറിയം നൽകുന്നതിന് തനത് ഫണ്ട് ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.55 കൊച്ചി കോർപ്പറേഷൻ

**തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.01.2020-ലെ കത്ത് (SRG 75/20)**

കൊച്ചി കോർപ്പറേഷനിൽ കമ്പ്യൂട്ടർ അധിഷ്ഠിത പ്രവൃത്തികൾക്ക് കമ്പ്യൂട്ടർ സയൻസ് ബിരുദധാരികളെ തനത് ഫണ്ടുപയോഗിച്ച് 25,000/- രൂപ നിരക്കിൽ നിയമിച്ചിട്ടുണ്ട്. ഒരു വർഷം വീതമാണ് നിയമന കാലാവധി. ഇവരുടെ ഇപ്പോഴത്തെ കാലാവധി 31.12.2019-ന് തീർന്നു. കാലാവധി ഒരു വർഷത്തെയ്ക്ക് കൂടി നീട്ടി നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നിലവിലെ സർക്കാർ മാനദണ്ഡം പാലിക്കണമെന്ന നിബന്ധനയോടെ ഒരു വർഷത്തേയേക്ക് കൂടി അനുമതി നൽകുന്നു. ഇതിനായി തനത് ഫണ്ട് മാത്രമേ ഉപയോഗിക്കാവൂ.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.56 പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്

**ബഹു.മലപ്പുറം എം.എൽ.എയുടെ 16.10.19 ലെ കത്തും പുൽപ്പറ്റ ഗ്രാമപഞ്ചായത്തുപ്രസിഡന്റിന്റെ 9.10.19 ലെ കത്തും 28.09.19 ലെ 10-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 58/20-DB4/278/2019-20 LSGD)**

രണ്ട് ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കാനും രണ്ടു വീടുകൾ പുനർ നിർമ്മാണം നടത്താനും 12.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിരുന്നു. (ഒരു വീടിനു 2.00 ലക്ഷം രൂപ വീതം 6 പേർക്ക്) ഇതിന് 06.02.18 ലെ കോർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. വീടൊന്നിന് 2.00 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 4.00 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് ഭേദഗതി ചെയ്ത് ആകെ അടങ്കൽ 24.00 ലക്ഷം രൂപ (ഹൗസിംഗ് ബോർഡിൽ നിന്നു ലഭിച്ച 4,50,000/- രൂപയും തനത് ഫണ്ട് 19,50,000/- രൂപയും ചേർത്ത്). ഇതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ലൈഫ് മിഷൻ പദ്ധതി പ്രകാരം (രണ്ടാം ഘട്ടം) എല്ലാവർക്കും വീടുനൽകിയോ എന്ന് പരിശോധിച്ച റിപ്പോർട്ടു നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാ നത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)സി.ഇ.ഒ. ലൈഫ് മിഷൻ**

## 4.57 സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി

**സി-ഡിറ്റ് രജിസ്ട്രാറുടെ 19.11.19 ലെ 208/VCD/C-DIT/2019-ാം നമ്പർ കത്ത് (SRG63/20 – LSGD-FM2/242-LSGD)**

തദ്ദേശഭരണസ്ഥാപനങ്ങളുടെ കാലാവധി 2020 ൽ അവസാനിക്കുന്ന പശ്ചാത്തലത്തിൽ നിലവിലെ ഭരണസമിതിയുടെ നേതൃത്വത്തിൽ നടത്തിയ ബഹുതല വികസനപരിപാടികൾ ഉൾചേർത്ത് ഓരോ തദ്ദേശഭരണസ്ഥാപനത്തിനും 20 മിനിറ്റ് ദൈർഘ്യമുള്ള ഒരു വീഡിയോ ഡോക്യുമെന്ററി ചെയ്യാൻ ഉദ്ദേശിക്കുന്നു. ഏകദേശം 20 മിനിറ്റു ദൈർഘ്യമുള്ള വീഡിയോ ഡോക്യുമെന്ററി നിർമ്മിക്കുന്നതിന് ഓരോ തദ്ദേശഭരണസ്ഥാപനങ്ങളും 1.50 ലക്ഷം രൂപ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** പരമാവധി 1.00 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്ന് ഇതിനായി ചെലവഴിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നു. ഇതിനുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് സർക്കാർ മാനദണ്ഡ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.58 കാരശ്ശേരി ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.12.19 ലെ കത്ത് (SRG 1089/19-CC/712/19)**

***പ്രോ.നം 338/20*** ***അടങ്കൽ 1,80,000/-രൂപ (വികസനഫണ്ട്)***

***പേര് – എം.സി.എഫ് കെട്ടിടത്തിന് വാടക നൽകൽ***

എം.സി.എഫ്.ന് കെട്ടിടം നിർമ്മിക്കുന്നതിന് ഉദ്ദേശിച്ചിരുന്ന സ്ഥലം മഴക്കാലത്ത് സ്ഥിരമായി വെള്ളം കയറുന്ന പ്രദേശമായതിനാൽ കെട്ടിടം പണിതില്ല. അതിനാൽ തത്കാലത്തേക്ക് വാടകകെട്ടിടമാണ് കണ്ടെത്തിയത്. ഇതിനു വാടക നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** വാടകയുടെ നിരക്ക് മാനദണ്ഡ പ്രകാരം നിശ്ചയിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

## 4.59 ആലപ്പുഴ മുനിസിപ്പാലിറ്റി

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.12.19 ലെ കത്ത് (SRG 1093/19-CC/931/19)**

ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ശതാബ്ദിമന്ദിരത്തിന് മൂന്നു പ്രോജക്ടുകൾ എടുത്തിട്ടുണ്ട്. ശതാബ്ദി മന്ദിരം ഫർണിച്ചർ (പ്രോ.നം. 155/20) ശതാബ്ദി മന്ദിരം നിർമ്മാണ

പൂർത്തീകരണം (പ്രോ.നം 524/20), ശതാബ്ദിമന്ദിരം ഫർണിച്ചർ - രണ്ടാം ഘട്ടം (പ്രോ.നം. 610/20) എന്നീ പ്രോജക്ടുകൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റാണ് വകകൊള്ളിച്ചിരിക്കുന്നത്. ഇതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ശതാബ്ദി മന്ദിരം എന്ന പേരിൽ മുനിസിപ്പാലിറ്റിയുടെ ഓഫീസ് മന്ദിരമാണ് പണിയുന്നതെന്നും അവിടേയ്ക്ക് ഫർണിച്ചർ വാങ്ങുന്നതിനാണ് പ്രോജക്ട് എന്നും യോഗം വിലയിരുത്തി. പ്രോ.നം. 155 ന് 1.00 കോടി രൂപയും പ്രോ.നം 524 ന് 3.00 കോടി രൂപയും പ്രോ.നം. 610 ന് 53,73,500/- രൂപയും ആണ് ധനകാര്യമ്മീഷൻ ഗ്രാന്റ് ആയി വകയിരുത്തി യിരിക്കുന്നത്.
ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇതിന് ഉപയോഗി ക്കാവുന്നതല്ല . അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.60 മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത്

**ബഹു.മഞ്ചേശ്വരം എം.എൽ.എ യുടെ കത്തും മഞ്ചേശ്വരം ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ കത്ത് (SRG 61/20-DA2/433/2019-LSGD)**

മത്സ്യബന്ധനത്തിനു വല നൽകാൻ വാർഷിക പദ്ധതിയിൽ പ്രോജക്ടു ഉൾപ്പെടുത്തിയിട്ടുണ്ട്. (പ്രോ.നം.3/20) മാർഗ്ഗരേഖപ്രകാരം തടിവള്ളത്തിനും കട്ടമരത്തിനുമാണ് വല നൽകാവുന്നത്. ഈ പ്രദേശങ്ങളിൽ കൂടുതലും ഫൈബർ വള്ളം ആണ്. അതിനാൽ ഫൈബർ വള്ളമുള്ളവർക്കും വല നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ സർക്കാർ ഉത്തരവു പ്രകാരം രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികൾക്കാണ് വല നൽകാവുന്നത്. ഇതും ഒഴിവാക്കി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** 1) ഫൈബർ വള്ളങ്ങളുടെ ഉടമസ്ഥർക്കും വല നൽകുന്നതിന് അനുമതി നൽകുന്നു. നിരക്ക് മാർഗ്ഗരേഖപ്രകാരം ആയിരിക്കണം (യൂണിറ്റ് ചെലവിന്റെ 50 ശതമാനം.പരമാവധി 10,000/- രൂപ)
2) രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികൾ അല്ലാത്ത വരെ ഇതിന്റെ ഗുണഭോക്താക്കളായി എടുക്കാ വുന്നതല്ല.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.61 കുടുംബശ്രീ

**കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.01.2020 ലെ കുറിപ്പ് (SRG 76/20)**

1) വഴിയാത്രക്കാരായ സ്ത്രീകൾക്കും കുട്ടികൾക്കും നിശ്ചിത അകലത്തിൽ വൃത്തിയുള്ള ശൗചാലയങ്ങൾ സ്ഥാപിക്കണമെന്ന് സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. ടോയ് ലെറ്റിന് ആവശ്യമായ സ്ഥലം കണ്ടെത്തലും നിർമ്മാണം സംബന്ധിച്ച ആസൂത്രണവും ജില്ലാകളക്ടറുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. ഇപ്രകാരം

നിർമ്മിക്കുന്ന ടോയിലെറ്റുകളുടെ പരിപാലനത്തിലൂടെ വനിതകൾക്ക് വരുമാനം ലഭിക്കുമെങ്കിൽ ആയത് ഏറ്റെടുത്ത് നടത്താൻ കുടുംബശ്രീ സന്നദ്ധമാണ്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന വിഷയങ്ങളിൽ അനുമതി നൽകണമെന്നതു സംബന്ധിച്ച്

(i) ടോയ് ലെറ്റ് പരിപാലനത്തിനോടനുബന്ധിച്ച് കുടുംബശ്രീ വനിതകൾക്കുള്ള വേതനവും പരിപാലനചിലവുകൾക്കാവശ്യമായ തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിലോ പ്ലാൻ ഫണ്ടിലോ ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** ഇതു സംബന്ധിച്ച് മറ്റു വകുപ്പുകൾ പ്രാഥമിക നടപടി പൂർത്തിയാക്കിയതിനുശേഷം പിന്നീട് പരിഗണിക്കാൻ മാറ്റി വച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

(ii) കുടുംബശ്രീ കെട്ടിട നിർമ്മാണ യൂണിറ്റുകൾക്ക് പ്രീ ഫാബ് നിർമ്മാണ സാങ്കേതികവിദ്യയിൽ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ഇപ്രകാരം പരിശീലനം ലഭിച്ച കുടുംബശ്രീ യൂണിറ്റുകളെ ടെണ്ടർ നടപടിക്രമങ്ങളിൽ നിന്നൊഴിവാക്കി ടോയിലറ്റുകളുടെ നിർമ്മാണ ചുമതല നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** ടോയ് ലറ്റ് നിർമ്മാണം സംബന്ധിച്ച് മറ്റ് വകുപ്പുകൾ പ്രാഥമിക നടപടി പൂർത്തിയാക്കിയതിനുശേഷം പിന്നീട് പരിഗണിക്കാൻ മാറ്റി വച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

## 4.62 പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.11.2019 ലെ കത്ത് (SRG 1007/19 CC/692/19)**

ലൈഫ് പദ്ധതിപ്രകാരം പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ശ്രീ. ബിജു, മന്നാംകുടിയിൽ എന്ന ആൾക്ക് വീട്ടു നിർമ്മിച്ചു നൽകി. വീട്ടു ഇരിക്കുന്നിടം വളരെ ഉയർന്നതും പാറയുള്ളതുമായ പ്രദേശമായതിനാൽ തുറന്ന കിണർ പ്രായോഗികമല്ല. KWA ലൈൻ ഒരു കി.മി.അകലെയാണ്. അതിനാൽ ഈ കുടുംബത്തിന് കുഴൽകിണർ നിർമ്മിച്ചു നൽകാൻ അനുമതി സംബന്ധിച്ച്. ഇവിടെ കുഴൽകിണർ ഫീസിബിൾ ആണെന്ന് ഗ്രൗണ്ട് വാട്ടർ ജില്ലാ ഓഫീസർ അറിയിച്ചിട്ടുണ്ട്. ചെലവ് 75,000/- രൂപ.

**തീരുമാനം:-** അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.63 വൈക്കം ബ്ലോക്ക് പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.01.2020 ലെ കത്തും. വൈക്കം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ 3.08.19 ലെ VKM/679/18-ാാം നമ്പർ കത്തും (SRG 10/20 -CC/1117/2019)**

*പ്രോ.നം 68/20* *അടങ്കൽ 2,00,000/-രൂപ (റ്റി.എസ്.പി)*

***പേര് – പട്ടികവർഗ്ഗ ഭവന നിർമ്മാണം***

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ശ്രീമതി ബിന്ദു, കൈകത്ത് എന്നയാൾക്ക് ലൈഫ് ഭവനപദ്ധതി പ്രകാരം വീടുനിർമ്മിക്കാൻ 4.00 ലക്ഷം രൂപ നൽകി. വീടിന്റെ കോൺക്രീറ്റിംഗ് വരെ പൂർത്തീകരിച്ചുവെങ്കിലും തറ കോൺക്രീറ്റിംഗ്, പ്ലാസ്റ്ററിംഗ്, ടോയിലറ്റ് എന്നിവ ഇനിയും നടത്തിയിട്ടില്ല. ഇതിനായി ഇനിയും 2.00 ലക്ഷം രൂപ കൂടി വേണം. ഈ തുക നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-**

1) പണിപൂർത്തിയാക്കാതെ അവസാനഗഡു നൽകി യതിലും ഓരോ ഗഡു നൽകുമ്പോൾ നിർമ്മാണ ഘട്ടം പരിശോധിക്കുന്നതിലും നിർവഹണ ഉദ്യോഗസ്ഥന് വീഴ്ച സംഭവിച്ചു എന്ന് യോഗം വിലയിരുത്തി. ഇതു പരിശോധിച്ച് നടപടിയെടുക്കാൻ ഗ്രാമ വികസന കമ്മീഷണറെ ചുമതലപ്പെടുത്തി.
2) അധിക തുക ചെലവഴിക്കാൻ പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.64 യോഗ ടീച്ചർ ട്രെയിനിംഗ്

**തിരുവനന്തപുരം ശാന്തി യോഗ ടീച്ചർ ട്രെയിനിംഗിന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 26.11.2019-ലെ കത്ത് ( SRG/03/20)**

യോഗ പരിശീലനത്തിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രോജക്ട് ഏറ്റെടുക്കാൻ അനുമതിയുണ്ട്. ഇതിൽ യോഗ അദ്ധ്യാപക പരിശീലനം നൽകുന്നതിൽ ശാന്തി യോഗ ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെ കൂടി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ആവശ്യം നിരാകരിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.65 ആലപ്പുഴ ജില്ലാ പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.10.2019 കത്ത് (SRG 45/20 )**

*പ്രോ.നം 882/20* *അടങ്കൽ 24,00,000/-രൂപ (വികസനഫണ്ട് 21,60,000/-രൂപ ഗുണഭോക്തൃ വിഹിതം 2,40,000/- രൂപ )*

***പേര് – പാടശേഖര സമിതികൾക്ക് സബ് മേഴ്സിബിൾ പമ്പ് സെറ്റ് വാങ്ങി നൽകൽ***

പാടശേഖര സമിതികൾക്ക് പെട്ടിയും പറയും വാങ്ങി നൽകുന്നതിനു പകരം സബ്മേഴ്സിബിൾ പമ്പ് സെറ്റ് വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.66 കോട്ടയം നഗരസഭ

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2020 ലെ കത്ത് (SRG 33/20 - CC/882/2019)**

*പ്രോ.നം 602/20* *അടങ്കൽ 2,20,00,000/-രൂപ*

*(വികസനഫണ്ട് 2.00 കോടി രൂപ*

*ധനകാര്യ കമ്മീഷൻ ഗ്രാന്റ് 20.00 ലക്ഷം രൂപ)*

***പേര് – നഗരത്തിലെ വിവിധ മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുന്നതിനായി ക്യാമറകൾ സ്ഥാപിക്കൽ***

കോട്ടയം നഗരസഭയിൽ 52 വാർഡുകളിലായി 65 CCTV ക്യാമറ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. സോളാർ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന സംവിധാനമാണിത്. ക്യാമറയും നിർമ്മിത ബുദ്ധി സാങ്കേതികവിദ്യയും ഉപയോഗിച്ചുള്ള സാങ്കേതിക സംവിധാനമാണ് ഉപയോഗിക്കുന്നത്. ഇതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഇതിന്റെ സാങ്കേതിക വശം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഐ.ടി. മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി :-1) തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

**2)ഡയറക്ടർ, ഐ.റ്റി. മിഷൻ**

## 4.67 ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.01.2020-ലെ കത്തും ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 20.01.2020-ലെ P - 1155/20 -ാം നമ്പർ കത്തും ജില്ലാതല അപ്പീൽ കമ്മിറ്റിയുടെ 11.10.2019-ലെ യോഗ നടപടി വിവരവും (SRG 95/20 -CC/72/20)**

താഴെപ്പറയുന്ന പ്രോജക്ടുകൾ വെറ്റിംഗ് ഓഫീസറും ജില്ലാതല അപ്പീൽ കമ്മറ്റിയും അംഗീകരിച്ചിട്ടില്ല. പ്രത്യേക അനുമതി സംബന്ധിച്ച്.

*(i) പ്രോ.നം 3/20* *അടങ്കൽ 26,00,000/-രൂപ*

*(വികസനഫണ്ട്)*

***പേര് – തളിർ- ചെറുകിട വനിതാ തേയില കർഷക സംഘങ്ങൾക്ക് ധനസഹായം***

**തീരുമാനം:-** ഈ കർഷക സംഘങ്ങൾ ബാങ്ക് അക്കൗണ്ടു തുടങ്ങി അതിലേയ്ക്ക് തുക റിവോൾവിംഗ് ഫണ്ടായി നൽകാൻ അനുമതി നൽകുന്നു. റിവോൾവിംഗ് ഫണ്ടിന്റെ ഉപയോഗം, തിരിച്ചടവ് തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

*(ii)* *പ്രോ.നം. 52/20* ***അടങ്കൽ 20,000,250/- രൂപ***

***(വികസനഫണ്ട്)***

***പേര് - സമൃദ്ധി - കൊക്കൊകൃഷിക്ക് ധനസഹായം***

**തീരുമാനം:-** കൊക്കൊ കൃഷി കർഷകരുടെ ഗ്രൂപ്പ് രൂപീകരിച്ച് ബാങ്ക് അക്കൗണ്ട് തുടങ്ങി അതിലേയ്ക്ക് തുക റിവോൾവിംഗ് ഫണ്ടായി നൽകണം. റിവോൾവിംഗ് ഫണ്ടിന്റെ ഉപയോഗം , തിരിച്ചടവ് തുടങ്ങിയവ നിർവഹണ ഉദ്യോഗസ്ഥർ ഉറപ്പവരുത്തണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

*(iii)* *പ്രോ.നം. 53/20* ***അടങ്കൽ 26,66,666/- രൂപ***

***(വികസനഫണ്ട്)***

***പേര് - കൽപമിത്ര - കേര കർഷകർക്ക് തെങ്ങ് സംരക്ഷണത്തിന് ധനസഹായം***

**തീരുമാനം:-** കേര കർഷകരുടെ ഗ്രൂപ്പ് രൂപീകരിച്ച് ബാങ്ക് അക്കൗണ്ട് തുടങ്ങി അതിലേയ്ക്ക് തുക റിവോൾവിംഗ് ഫണ്ടായി നൽകണം. റിവോൾവിംഗ് ഫണ്ടിന്റെ ഉപയോഗം , തിരിച്ചടവ് തുടങ്ങിയവ നിർവഹണ ഉദ്യോഗസ്ഥർ ഉറപ്പവരുത്തണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.68 കണ്ണൻ ദേവൻ ഹിൽ പ്ലാന്റേഷൻ പ്രദേശത്തെ സ്കൂളുകളിൽ മേൽക്കൂര മാറ്റൽ**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.20-ലെ കത്തും KDHP കമ്പനിയുടെ 11.11.2019-ലെ 612-ാം നമ്പർ കത്തും (SRG 79/20 CC/56/20)**

മൂന്നാർ, ദേവികുളം, പള്ളിവാസൽ, ചിന്നക്കനാൽ, എന്നീ ഗ്രാമ പ്രദേശങ്ങളിലായി ആകെ 34 സ്കൂളുകൾ KDHP നടത്തുന്നുണ്ട്. ഇതിൽ മൂന്നാറിൽ 10, ദേവികുളത്ത് 11, പള്ളിവാസലിൽ 1, ചിന്നക്കനാലിൽ 2 സ്കൂളുകൾക്ക് ആസ്ബറ്റോസ് മേൽക്കൂരയാണ്. ബഹു. കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 09.10.2019-ലെ 162/2019/ GEDN നമ്പർ ഉത്തരവ് പ്രകാരം രണ്ടു വർഷത്തിനകം ആസ്ബറ്റോസ് മേൽക്കൂര മാറ്റി പകരം അനുയോജ്യമായ മേൽക്കൂര സ്ഥാപിക്കണമെന്നുണ്ട്. കമ്പനിക്കു സാമ്പത്തിക പ്രതിസന്ധി ഉള്ളതിനാൽ അതത് ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് മേൽക്കൂര മാറ്റണമെന്ന് കമ്പനി ആവശ്യപ്പെട്ടിരിക്കുന്നു. ഇതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം:-** മുകളിൽ പറഞ്ഞ പ്രവർത്തി കമ്പനിയുടെ ചുമതലയാണ് എന്ന് യോഗം വിലയിരുത്തി. കമ്പനിയുമായി ചർച്ച ചെയ്ത് ഈ പ്രവർത്തി ചെയ്യുന്നതിന്റെ സാധ്യത പരിശോധിക്കാൻ ഇടുക്കി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ തീരുമാനിച്ചു. ജില്ലാ കളക്ടറുടെ റിപ്പോർട്ട് പഞ്ചായത്ത്

ഡയറക്ടർ ശേഖരിച്ച് സർക്കാരിന് നൽകണം.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2)പഞ്ചായത്ത് ഡയറക്ടർ**

## 4.69 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.01.2019-ലെ കുറിപ്പ്

സംസ്ഥാനത്ത് 2018 ൽ ഉണ്ടായ പ്രളയത്തെ തുടർന്ന് നവകേരള പുനർ നിർമാണ പ്രക്രിയയുടെ ഭാഗമായി ആരംഭിച്ച പദ്ധതിയാണ് എറൈസ്. ടി പദ്ധതിയുടെ ഭാഗമായി പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ, ഇലക്ട്രോണിക്സ് റിപ്പയറിങ് എന്നീ മേഖലകളിൽ ഹ്രസ്വകാല വൈദഗ്ധ്യ പരിശീലനം കുടുംബശ്രീ മുഖേന നൽകി വരുന്നുണ്ട്.

കുടുംബശ്രീ എറൈസ് ടെക്നീഷ്യന്മാർക്ക് തദ്ദേശ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന ഭവനനിർമ്മാണത്തിന്റെ പ്ലംബിംഗ്, ഇലക്ട്രിക്കൽ ഉൾപ്പെടെയുള്ള വിവിധ ജോലികൾ ഏറ്റെടുത്തു നടത്തുന്നതിൽ മുൻഗണന നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം:-** കുടുംബശ്രീ ടെക്നീഷ്യൻമാരെ ഇതിനുള്ള സർട്ടിഫിക്കേഷൻ കോഴ്സിൽ ഉൾപ്പെടുത്തുന്നതിന് ഊർജ്ജ വകുപ്പ് സെക്രട്ടറിക്കും ജല വിഭവ വകുപ്പ് സെക്രട്ടറിക്കും ഫയൽ നൽകണം. ഇതിനുള്ള പ്രൊപ്പോസൽ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നൽകണം. പിന്നീട് പരിഗണിക്കും.

**നടപടി :- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

## 4.70 നോർത്ത് പറവൂർ മുനിസിപ്പാലിറ്റി

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.11.2019-ലെ കത്തും നോർത്ത് പറവൂർ നഗരസഭ സെക്രട്ടറിയുടെ 29.10.2019-ലെ G4-10958/18-ാം നമ്പർ കത്തും**

വടക്കൻ പറവൂർ നഗരസഭയുടെ 2019-20 -ലെ വികസന ഫണ്ടിൽ (ജനറൽ) 1,2 ഗഡുക്കളായി അനുവദിച്ച 1,54,21,400/- രൂപയിൽ വാട്ടർ ചാർജ് കുടിശ്ശികയിനത്തിൽ 1,27,95,276 രൂപയും ഹഡ്കോ വായ്പ തിരിച്ചടവായി 13,60,000/- രൂപയും അങ്കണവാടി വർക്കർമാരുടെ ഓണറേറിയം (ട്രാൻസ്ഫർ ക്രെഡിറ്റ്) ഇനത്തിൽ 9,05,200/-രൂപയും കുറവു ചെയ്തു. ആകെ 1,50,60,476/- രൂപ. നഗരസഭയ്ക്ക് മിച്ചം ലഭിച്ചത് 3,60,924/- രൂപ മാത്രമാണ്. അവസാന ഗഡു 77,10,600/- രൂപയാണ്. വാലിഡേഷൻ ഒഴിവാക്കാൻ അനുവദിച്ചാൽ പോലും മറ്റ് അനിവാര്യ പ്രോജക്ടുകൾക്ക് തുക കണ്ടെത്താൻ ബുദ്ധിമുട്ടാണ്. ഈ സാഹചര്യത്തിൽ വാട്ടർ ചാർജ് കുടിശ്ശികയിൽ കുറവു ചെയ്തതിൽ നിന്ന് ഒരു നിശ്ചിത ശതമാനം തുക തിരികെ അനുവദിക്കണമെന്നതു സംബന്ധിച്ച് വിഷയം 06.12.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി ചർച്ച ചെയ്യുകയും ഇത് ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ഇതിന്മേൽ തുടർന്ന് സ്വീകരിക്കാവുന്ന നടപടി സംബന്ധിച്ച്

**തീരുമാനം :-** ഇതിന്മേൽ ധനവകുപ്പ് തീരുമാനമെടുക്കുന്ന തോടൊപ്പം ബാക്കിയുള്ള തുക ഉപയോഗിച്ച് അടിയന്തിര പ്രവർത്തനം നടത്തുന്നതിന് ഈ മുനിസിപ്പാലിറ്റിയുടെ മേഖലാ വിഭജന നിബന്ധന യിൽ ഇളവു നൽകി വാലിഡേഷൻ ഒഴിവാക്കി നൽകാൻ യോഗം തീരുമാനിച്ചു. ഇതിനാവശ്യമായ ക്രമീകരണം ഐ.കെഎം എക്സിക്യൂട്ടീവ് ഡയറക്ടർ ചെയ്യണം.

കൂടാതെ ഈ മുനിസിപ്പാലിറ്റിയുടെ പ്രശ്നം പഠിച്ച് ഒരു റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറേയും ചുമതലപ്പെടുത്തി.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) നഗരകാര്യ ഡയറക്ടർ**

## 4.71 നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

**ഗ്രാമവികസന കമ്മീഷണറുടെ 23.01.2020-ലെ DP5/782/2020/CRD നമ്പർ കത്തും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 09.01.20-ലെ BP2/52/20/NDD നമ്പർ കത്തും ( SRG110/20)**

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തി കേന്ദ്ര/സംസ്ഥാന സർക്കാരുകളും മറ്റ് ഏജൻസികളും നൽകിയ വിവിധ അവാർഡുകളുടെ സമ്മാനത്തുക വിനിയോഗിച്ച് സാന്ത്വന പരിചരണ മേഖലയിൽ 'അഭയം' എന്ന പേരിൽ ഒരു മാതൃകാ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. വിവിധ അവാർഡിനത്തിൽ 80.00 ലക്ഷം രൂപ ലഭിക്കും ഇതിൽ 50,05,000/- രൂപ ഇതിനകം ലഭിച്ചിട്ടുണ്ട്. ഈ തുകയും സംഭാവനയായും/CSR വിഹിതമായും ലഭിക്കുന്ന തുകയും ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തി ഇതിൽ നിന്നും ലഭിക്കുന്ന പലിശ ഉപയോഗിച്ച് 'അഭയം'എന്ന പേരിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. അർബുദം ഉൾപ്പെടെയുള്ള രോഗങ്ങളിൽ അടിമപ്പെട്ട കിടപ്പുരോഗികളായവർക്ക് പ്രതിമാസം 750/- രൂപ മുതൽ 1000/- രൂപ വരെ നൽകുന്ന പദ്ധതിയാണ് അഭയം. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കാൻ മാറ്റിവച്ചു

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.72 തിരുവനന്തപുരം കോർപ്പറേഷൻ

**തിരുവനന്തപുരം മേയറുടെ 25.01.2020-ലെ കത്ത്**

മാലിന്യപരിപാടിയുമായി ബന്ധപ്പെട്ട് 2020 ഫെബ്രുവരി 15,16,17 തീയതികളിലായി തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഒരു ദേശീയ സെമിനാർ സംഘടിപ്പിക്കുന്നുണ്ട്. ഈ വർഷം മാലിന്യ പരിപാലനം - ശേഷിയും വികസനവും ബോധവൽക്കരണ പരിപാടികളും എന്ന ഒരു പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (പ്രോ.നം. 1243/20). ഇതിൽ ഈ വർഷത്തെ വിഹിതമായി

ആകെ അടങ്കൽ 40,81,000/- രൂപയാണ്. (കേന്ദ്രാവിഷ്കൃത ഫണ്ട് 24,50,000/- രൂപയും സംസ്ഥാനാവിഷ്കൃത ഫണ്ട് 16,31,000/- രൂപയും). ദേശീയ സെമിനാറിൽ വരുന്ന അതിഥികൾക്കും പ്രതിനിധികൾക്കും യാത്ര, താമസം, ഭക്ഷണം, എന്നിവയ്ക്ക് ഈ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** മുകളിൽ പറഞ്ഞ പ്രോജക്ടിലെ സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്ന് തുക ചെലവഴിക്കാൻ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

## 4.73 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.01.2020-ലെ കുറിപ്പ്

വനിതകൾക്ക് സുരക്ഷിത യാത്രയും താമസവും ഒരുക്കുന്നതിന്റെ ഭാഗമായി രൂപീകരിക്കുന്ന ഷീലോഡ്ജ് ശൃംഖലയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ കെട്ടിടം നിർമ്മിക്കുന്നുണ്ട്. എന്നാൽ ചിലയിടത്ത് കെട്ടിടം നിർമ്മാണത്തിന് കാലതാമസം ഉണ്ടാകും എന്നതിനാൽ വാടക കെട്ടിടം എടുക്കാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെ വാടകയ്ക്ക് എടുക്കുന്ന കെട്ടിടങ്ങൾ അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് (നഗരസഭക്ക്) വാടകയും ഷീ ലോഡ്ജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള മറ്റ് ചെലവും നൽകുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം:-** ഇതു സംബന്ധിച്ച വിശദാംശങ്ങൾ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നൽകണം. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കും.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**
**2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ**

**(യോഗം രാത്രി 8.00 മണിക്ക് അവസാനിച്ചു)**

**അനുബന്ധം**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3 ഡോ.കെ.എൻ. ഹരിലാൽ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
5 ഡയറക്ടർ, നഗരകാര്യ വകുപ്പ്
6 ഗ്രാമവികസന കമ്മീഷണർ
7 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
8 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
9 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
10 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
11 ഡയറക്ടർ, എസ്.സി. ഡെവലപ്മെന്റ് (പ്രതിനിധി)
12 ഡയറക്ടർ, എസ്.റ്റി. ഡെവലപ്മെന്റ് (പ്രതിനിധി)
13 മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ് (പ്രതിനിധി)
14 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
15 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ (പ്രതിനിധി)
16 പ്രിൻസിപ്പൽ സെക്രട്ടറി ഫിനാൻസ് (പ്രതിനിധി)
17 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് (പ്രതിനിധി)
18 ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് (പ്രതിനിധി)
19 സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
20 ഡയറക്ടർ, കില